മാർച്ച് 2023

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്, അയ്യന്തോൾ




ആരെയും
ആകർഷിക്കുന്ന
3
ഓഫറുകൾ
ഏറ്റവും കുറഞ്ഞ
പലിശ നിരക്ക്
ഞൊടി ഇടയിൽ പണം
നിങ്ങളുടെ കയ്യിൽ
തികച്ചും സുരക്ഷിതവും
സുതാര്യവുമായ
ഇടപാടുകൾ
കുറഞ്ഞ ലാഭം
കൂടിയ അംഗീകാരം
CHERUPUSHPAM
GOLD LOAN
Olarikkara, Pullazhi P.O,Thrissur 680012
Ph 2360846,2360202,2365890
Customer Care : 8547667788,8547778899
ജോളി സ്റ്റീഫൻ
ഡോ : ജോയ് ആന്റോ

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ, തൃശ്ശൂർ - 680003
ഫോൺ: 9778346027
Email:mariyanadham.info@gmail.com
www.ayyantholechurch.com

പുസ്തകം 29
മാർച്ച് 2023
ലക്കം 3

## ഈ ലക്കത്തിൽ


| | |
|---|---|
| എഡിറ്റോറിയൽ | 02 |
| ഇടയശബ്ദം | 03 |
| കേന്ദ്ര കുടുംബകൂട്ടായ്മ വാർത്തകൾ | 05 |
| ഓർമ്മിക്കുക ആചരിക്കുക | 07 |
| കുടുംബകൂട്ടായ്മ വാർത്തകൾ | 07 |
| വിശ്വാസ പരിശീലന വാർത്തകൾ | 09 |
| യൗസേപ്പിതാവിന്റെ ഭവനം | 10 |
| സെമിത്തേരികളെ സംബന്ധിച്ച നിയമാവലി | 11 |
| അറിയിപ്പ് | 18 |
| വിശ്വാസ വഴിയിലെ സംശയങ്ങൾ | 19 |
| സത് ചിന്തകൾ | 20 |
| നിയമാവബോധം | 21 |
| വിശുദ്ധിയുടെ നിറകുടം | 22 |
| മുന്നോട്ട് | 25 |
| വിശുദ്ധി | 26 |
| നാടുവിടുന്ന യുവതലമുറ | 27 |
| അശ്രദ്ധമാറ്റിയ സ്വർണ്ണപേന | 28 |
| ബൈബിൾ ക്വിസ് | 29 |
| ഞങ്ങൾ വരവായി | 31 |
| ഞങ്ങൾ യാത്രയായി | 31 |
| ഇടവകയിലേയ്ക്ക് വന്നവർ | 31 |
| ചായക്കൂട്ട് മത്സരം | 32 |


## പത്രാധിപസമിതി


ചീഫ് എഡിറ്റർ
ഫാ. **ജെയ്സൻ പുന്നശ്ശേരി** +91 9526131319

മാനേജിംഗ് എഡിറ്റർ
ശ്രീ. **ജേക്കബ് തോലത്ത്** +91 9495565910

അസോസിയേറ്റഡ് എഡിറ്റേഴ്സ്
ശ്രീമതി. **ഗ്രേസി ജോണി വടക്കേത്തല** +91 8129978716
ശ്രീ. അഡ്വ. **നെറ്റോ നെല്ലിശ്ശേരി** +91 9847970504

ട്രഷറർ
ശ്രീമതി **ത്രേസ്യാമ്മ ജേക്കബ് തോലത്ത്** +91 7306711871

എഡിറ്റോറിയൽ മെമ്പേഴ്സ്
റവ. സി. **കാതറിൻ CHF** +91 9497301738
ശ്രീ. **ജെയ്സൺ കുള** +91 9495062073
ശ്രീ. **ടോണി തരകൻ** +91 9447728883
ശ്രീ. **ജെയിംസ് കളപുരയ്ക്കൽ** +91 9847551115
ശ്രീ. **ജോഫിൻ കൊളങ്ങര** +91 8943554456
ശ്രീ. **ജോർജ്ജ് കൈപ്പറമ്പിൽ** +91 9447458560
ശ്രീ. **ഫ്രാൻസീസ് അറങ്ങാശ്ശേരി** +91 9847484720
ശ്രീമതി **സ്റ്റാർലിൻ വർഗ്ഗീസ്** +91 9496093192

ഏക്സ് ഒഫിഷ്യോ മെമ്പർമാർ
ശ്രീ. **മേജോ കെ.ജെ** +91 9847865010
(കേന്ദ്രസമിതി കൺവീനർ)
ശ്രീമതി **ജോർളിൻ ജോഷി** +91 9544962005
(കേന്ദ്രസമിതി സെക്രട്ടറി)

നടത്തുകൈക്കാരൻ
ശ്രീ. **അഗസ്റ്റിൻ തരകൻ** +91 9544055315


## ഇടവക പള്ളിയിലെ വിശുദ്ധ കുർബ്ബാന സമയം

സാധാരണ ദിവസം – 6.30 a.m
ഞായർ – 6.30 a.m 9.45 a.m

നടത്തുകൈക്കാരൻ
ശ്രീ. **അഗസ്റ്റിൻ തരകൻ**
+91 9544055315

## പള്ളി ഓഫീസ് സമയം

സാധാരണ ദിവസങ്ങളിൽ } 7.00 a.m. - 8.00 a.m.
6.00 p.m. - 8.30 p.m.
ഞായർ 10.30 a.m. - 12.30 p.m.

**തിങ്കൾ അവധി**

കപ്യാർ : വിൽസൺ ആളൂർ കൊക്കൻ – +919745844551

# എഡിറ്റോറിയൽ

## കണ്ണുനീരിന്റെ പ്രവാചകൻ

"ആരെങ്കിലും എന്റെ വചനം പാലിച്ചാൽ അവൻ ഒരിക്കലും മരിക്കുകയില്ല."യഹൂദരെ പ്രകോപിപ്പിച്ച യേശുവിന്റെ വാക്കുകൾ. വീണ്ടും ഒരു നോമ്പുകാലത്തിലേക്കു പ്രവേശിച്ചിരിക്കുന്ന നമുക്കും ഈ വചനധ്യാനം വിചിന്തനം ചെയ്യുന്നത് ഉചിതം തന്നെയാണ്. മനുഷ്യജീവിതം നാം ഭൂമിയിൽ ചെയ്യുന്ന ഒരു വലിയ തീർത്ഥാടനം തന്നെയാണ്. നമ്മെ തേടിവന്ന ദൈവത്തെ നാം തേടി പോകുമ്പോഴാണ് അത് യഥാർത്ഥ തീർത്ഥാടനമാവുക. നോമ്പുകാലത്തും അല്ലാതെയും നാം ചെയ്യുന്ന ചെറിയ തീർത്ഥയാത്രകൾ ആ മഹതീർത്ഥാടനത്തിന്റെ ചെറിയ പതിപ്പുകളാണ് അതിനോടനുബന്ധിച്ച് നാം ചെയ്യുന്ന പരിത്യാഗങ്ങൾ സത്യദൈവത്തെ തേടാനുള്ള യാത്രയെ ആയാസകരമാക്കും. ക്രിസ്തുവിനാൽ നാം വീണ്ടെടുക്കപ്പെടുമ്പോൾ നമ്മുടെ ലക്ഷ്യം നീതിയും വിശുദ്ധിയും അതുവഴിയുള്ള പൂർണ്ണതയുമാണ്. എനിക്ക് പാപമില്ല; ഞാൻ പൂർണ്ണനാണ് എന്നു പറഞ്ഞാൽ അതിൽപ്പരം തെറ്റെന്താണുള്ളത്? ഗോതമ്പിന്റേയും, കളകളുടെയും ഉപമയും, നല്ലതും ചീത്തയുമായ മത്സ്യങ്ങളെ ശേഖരിക്കുന്ന വലയുടെ ഉപമയും ഇതിനോടനുബന്ധമായി ചേർത്തുവായിക്കാം. കത്തിച്ചുകളയുന്ന കളകളും തീച്ചൂളയിൽ എറിയപ്പെടുന്ന ദുഷ്ടനും ശിക്ഷാവിധിയെ പ്രതിനിധീകരിക്കുന്നു.

ശിക്ഷാവിധിയുടെയും, രക്ഷയുടെയും സന്ദേശങ്ങളുമായാണ് ജെറമിയ പ്രവാചകൻ ബിസി 7-ാം നൂറ്റാണ്ടിൽ പ്രത്യക്ഷപ്പെടുന്നത്. ബാബിലോൺ പ്രവാസത്തിനുശേഷം ഒരു പുതിയ ഉടമ്പടി സ്ഥാപിക്കുമെന്ന് പ്രവചിച്ച അദ്ദേഹത്തെ ഉടമ്പടിയുടെ പ്രവാചകൻ എന്നുവിളിച്ചു. ദൈവീക സന്ദേശങ്ങളെ തിരസ്കരിച്ചതിന്റെ ഫലമായി ജറുസലെം നഗരവും ദേവാലയവും നശിപ്പിക്കപ്പെടുന്നതും ജനം ബാബിലോണിലേക്ക് നാടുകടത്തപ്പെടുന്നതും നേരിട്ടുകണ്ട് വിലപിച്ചതിനാൽ കണ്ണുനീരിന്റെ പ്രവാചകൻ എന്നും അറിയപ്പെട്ടു. തന്റെ വാക്കുകൾ തിരസ്കരിക്കുകയും തന്നെ പീഡിപ്പിക്കുകയും ചെയ്തപ്പോൾ ദൈവത്തിന്റെ മുമ്പിൽ ആവലാതിപ്പെട്ടു. ദൈവവുമായുള്ള നിരന്തരസംഭാഷണവും വിശ്വസ്തതയും അദ്ദേഹത്തിന് വലിയ ആന്തരിക ശക്തി നൽകി. യഥാർത്ഥ ഭക്തിയും നീതിയുടെ അഭ്യസനവുമാണ് മതജീവിതത്തിന്റെ കാതലെന്ന് ജറമിയ വ്യക്തമാക്കി. ദൈവത്തോടുചേർന്നുനിന്നാൽ ആർക്കും നമ്മെ തകർക്കാനാവില്ല എന്ന സന്ദേശം നമ്മുടെ ഈ നോമ്പുകാലചിന്തകളെ മഥിക്കട്ടെ. മംഗളവാർത്ത തിരുനാളിൽ ഇതാ കർത്താവിന്റെ ദാസി എന്ന് നമുക്കും പ്രത്യുത്തരം നൽകാനാവട്ടെ!

**– പത്രാധിപസമിതി**

# ഇടയശബ്ദം



## ലോകത്തിൽനിന്നും വഴിമാറുക: യേശുവിനൊപ്പം സഞ്ചരിക്കുക

മിശിഹായുടെ കുരിശിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വലിയ നോമ്പിലേക്ക് നാം ഇതിനകം പ്രവേശിച്ച് കഴിഞ്ഞിരിക്കുകയാണല്ലോ. കടന്നുപോകുന്ന ഓരോ പതിത്യാഗത്തിന്റെയും ആത്മപരിശോധനയുടെയും 50 ദിനരാത്രങ്ങൾ നമ്മിൽ ഉണർത്തുന്ന ചോദ്യങ്ങളുണ്ട്. ആത്മീയ ജീവിതത്തിൽ നാം മർത്തായുടെയാണോ മറിയത്തിന്റെയാണോ സ്ഥാനം കരസ്ഥമാക്കിയിട്ടുള്ളത്? അവർ രണ്ടുപേരും യേശുവിന് പ്രിയപ്പെട്ടവരായിരുന്നില്ലേ? എന്നിട്ട് യേശുവിന് അവരെക്കുറിച്ച് വ്യത്യസ്ഥമായ നിലപാടുകളുണ്ടായി. ആരെയാണ് യേശു കൂടുതൽ സ്നേഹിച്ചത്?

ഒന്നാമതായി "മർത്തയാകട്ടെ പലവിധ ശുശ്രൂഷകളിൽ മുഴുകി വ്യഗ്രചിത്തയായിരുന്നു" (ലൂ. 10:40) എന്നാണ് വചനം പറയുന്നത്. യേശുവിനെ സത്കരിക്കുവാനും, സന്തോഷിപ്പിക്കുവാനും പ്രീതി സമ്പാദിക്കുവാനുമായിരുന്നു മർത്തായുടെ ശ്രമം. യേശു തന്നിൽ നിന്നും എന്ത് ആഗ്രഹിക്കുന്നു എന്നറിയുന്നതിൽ അവൾ പരാജയപ്പെട്ടു. ഈ അറിവില്ലായ്മയാണവളെ സഹോദരിക്ക് എതിരെ പരാതിയും പരിഭവവും പറയാൻ പ്രേരിപ്പിച്ചത്. തന്നിലെ ശൂന്യതയെ, ഇല്ലായ്മയെ അവളറിഞ്ഞില്ല. അവൾക്കതിന് കഴിഞ്ഞില്ല.

രണ്ടാമതായി, നമുക്കെങ്ങിനെയാണ് മേരിയുടെ ആത്മീയതയിലേക്ക് "നല്ലഭാഗം" എത്തിചേരാനാകുക.

1. യേശുവിനെ മനസ്സിൽ സൂക്ഷിച്ച് അവനായ് നിരന്തരം കാത്തിരിക്കുക.
2. കാത്തിരുന്നവനെ കണ്ടുമുട്ടിയാൽ അവനോടൊപ്പം പാദത്തിങ്കൽ ഉപവാസപ്രാർത്ഥനയോടെ ആയിരിക്കുക.
3. അവൻ പറയുന്ന വചനങ്ങൾ ഹൃദയത്തിൽ സ്വീകരിക്കുക.
4. ചുറ്റുപാടുമുള്ള കോലാഹലങ്ങൾ, ഉത്കണ്ഠ നിറഞ്ഞ സാഹചര്യങ്ങൾ എന്നിവയിൽ നിന്നും അകന്ന് നിൽക്കുക.
5. മർത്തയെപ്പോലെ മറ്റുള്ളവരെ വിധിക്കാതിരിക്കാൻ ശ്രദ്ധിക്കുക.

ആത്മീയ ജീവിതത്തിനും, വിശുദ്ധീകരണത്തിനും, ദൈവ പ്രീതി നേടുന്നതിനും ഉപവാസം ആവശ്യമാണെന്ന ബോധ്യം ആദികാലം മുതലേ നിലനിന്നിരുന്നു. ഭക്ഷണം ബോധപൂർവ്വം ഉപേക്ഷിക്കുന്നതിനെയാണ് ഉപവാസം എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. ഈ ഉപവാസത്തിലൂടെ മാനസാന്തരത്തിലേക്കും ജീവിത നവീകരണത്തിലേക്കും കാരുണ്യപ്രവൃത്തികളിലേക്കും നമ്മെ യേശുനാഥൻ വഴിനടത്തട്ടെ. "ദൈവസന്നിധിയിൽ ഞങ്ങളെ തന്നെ എളിമപ്പെടുത്തുന്നതിനും, മക്കളോടും വസ്തുവകകളോടും കൂടെയുള്ള ഞങ്ങളുടെ യാത്ര സുഗമമാക്കുന്നതിനും വേണ്ടി ദൈവത്തോട് പ്രാർത്ഥിക്കുന്നതിന് അഹാവാനദി തീരത്ത് വച്ച് ഞാൻ ഒരു ഉപവാസം പ്രഖ്യാപിച്ചു..ഞങ്ങൾ ഉപവസിച്ച് ദൈവത്തോട് യാചിക്കുകയും അവിടുന്ന് ഞങ്ങളുടെ പ്രാർത്ഥനകേൾക്കുകയും ചെയ്തു" (എസ്രാ 8:21-23)

ക്രൂശിതനായ ക്രിസ്തു നിങ്ങളെ അനുഗ്രഹിക്കട്ടെ.

ഒത്തിരി സ്നേഹത്തോടെ,

**ജെയ്സനച്ചൻ.**

## കേന്ദ്ര കുടുംബകൂട്ടായ്മ വാർത്തകൾ

കുടുംബകൂട്ടായ്മ കേന്ദ്രസമതിയുടെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 26-ാം തിയ്യതി രാവിലെ ദിവ്യബലിക്കുശഷം വികാരിയച്ചന്റെ അനുഗ്രഹത്തോടെ ഒല്ലൂർ, പുതുക്കാട്, കൊടകര, ചാലക്കുടി, മുരിങ്ങൂർ, കൊരട്ടി, അങ്കമാലി, കാഞ്ഞൂർ, പുല്ലുവഴി, മുവാറ്റുപുഴ, മീൻകുന്നം, കൂത്താട്ടുകുളം, മോനിപ്പള്ളി, കുറവിലങ്ങളാട് ഉൾപ്പെടുന്ന 14 പള്ളികൾ സന്ദർശിക്കുകയും കുരിശിന്റെ വഴി ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. യാത്രയുടെ വിജയത്തിനായി നേതൃത്വം വഹിച്ച മേരി ലാസർ ടീച്ചർക്കും, മറ്റ് കോർഡിനേറ്റർമാരായ ടോണി തരകൻ, വിൽസൻ കെ.ആർ, ജോർളി ജോഷി, സെബാസ്റ്റ്യൻ ഒഴുകയിൽ എന്നിവർക്ക് പ്രാർത്ഥന ആശംസകളും, അഭിനന്ദനങ്ങളും നേരുന്നു.



**ലോകത്തിൽ ആദ്യമായി മാതാവ് പ്രത്യക്ഷപ്പെട്ട**
**കുറവിലങ്ങാട് മാർത്ത മറിയം പള്ളി സന്ദർശിച്ചപ്പോൾ**

**കുടുംബകൂട്ടായ്മ കേന്ദ്രസമിതി സെക്രട്ടറി**

## ഹോം മിഷൻ

ഒക്ടോബർ 1 മുതൽ 15 വരെ രാവിലെ 7 മണി മുതൽ വൈകീട്ട് 6 മണി വരെ ഹോളിഫാമിലി സന്യാസസമൂഹത്തിന്റെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തി. ഹോം മിഷന്റെ മുന്നൊരുക്കമായി ഇടവകയിലെ എല്ലാ ഭവനങ്ങളിലും പേപ്പൽ പതാക ഉയർത്തി. ഹോംമിഷന്റെ വിജയത്തിനായി പ്രത്യേക പ്രാർത്ഥനകൾ ചൊല്ലി ഒരുങ്ങിയിരുന്നു. രണ്ടു സിസ്റ്റേഴ്സ് അടങ്ങുന്ന ടീം ഓരോ ഭവനവും സന്ദർശിച്ച് അവരുമായി സംസാരിക്കുകയും കുടുംബാംഗങ്ങളോടൊപ്പം പ്രാർ

ത്ഥിക്കുകയും ചെയ്തു. സിസ്റ്റേഴ്സിനായി നിയുക്ത ഭവനങ്ങളിൽ ബ്രേക്ക്ഫാസ്റ്റും ലഞ്ചും കരുതിയിരുന്നു. വൈകീട്ട് 7 മണിക്ക് വികാരിയച്ചന്റെ കാർമ്മികത്വത്തിൽ ഓരോ യൂണിറ്റിലെ ഓരോ ഭവനങ്ങളിലായി ദിവ്യബലി അർപ്പിച്ചു. കൗൺസിലിങ്ങ് ആവശ്യപ്പെട്ടവർക്ക് സിസ്റ്റേഴ്സ് കൗൺസിലിങ്ങ് നൽകി. റവ. സി. ഷാൻസി, സി. ജാസ്മിൻ, സി. മാർഗരറ്റ് പോൾ, സി. ജയ റോസ്, സി. വിൻസി തെരേസ്, സി. മരിയ റോസ്, സി. ആശ്രയ, സി. അലീന, സി. ജിസി, ഗി. റീനാ തെരേസ്, സി. ഗ്രേസ് മരിയ, സി. അഞ്ജലി, സി. ജിസ പോൾ, സി. ജിയ റോസ്, സി. ജെസി, സി. ജെസിയ, സി. റിന്റാ എന്നിവരയാണ് ഹോം മിഷന് നേതൃത്വം നൽകിയത്. ഹോം മിഷൻ ധ്യാനത്തിന് നേതൃത്വം വഹിച്ച ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന് വികാരിയച്ചനും യൂണിറ്റ് ഭാരവാഹികളും ചേർന്ന് ഉപഹാരം നൽകി. ഹോം മിഷന്റെ വിജയത്തിനായി പ്രവർത്തിച്ച എല്ലാവർക്കും കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർ ശ്രീ. മേജോ കെ.ജെ. നന്ദി രേഖപ്പെടുത്തി.

## കപ്പൂച്ചിൻ മിഷൻ ധ്യാനം

ഒക്ടോബർ 16 മുതൽ 22 വരെ ഇടവകതലത്തിൽ കപ്പൂച്ചിൻ മിഷൻ ധ്യാനം നടത്തി. ഒക്ടോബർ 17, 18, 19, 20 തിയ്യതികളിൽ രാവിലെ 7 മുതൽ ഉച്ചയ്ക്ക് 12 വരെ ഭവനസന്ദർശനവും വൈകീട്ട് 5.30 മുതൽ 9.30 വരെ ദിവ്യബലിയും ധ്യാനവും ആരാധനയും നടത്തി. ഈ ദിവസങ്ങളിൽ ബഹുമാനപ്പെട്ട അച്ചന്മാർ ഭവനസന്ദർശനവും വെഞ്ചിരിപ്പും നടത്തി. ഒക്ടോബർ 20 വ്യാഴാഴ്ച ഇടവകാംഗങ്ങൾക്കായി കുമ്പസാരത്തിനുള്ള പ്രത്യേക സൗകര്യം ഒരുക്കിയിരുന്നു. ഒക്ടോബർ 21 വെള്ളിയാഴ്ച രാവിലെ 6.30 നുള്ള ദിവ്യബലിക്ക് ശേഷം സെമിത്തേരി സന്ദർശനവും പരേതർക്കുവേണ്ടിയുള്ള പ്രാർത്ഥനയും ഉണ്ടായിരുന്നു. അന്നേ ദിവസം 10.30 മുതൽ 1.00 മണിവരെ യുവജനങ്ങൾക്ക് പ്രത്യേകമായി ധ്യാനം നടത്തി. ഉച്ചകഴിഞ്ഞ് 2 മണിക്കുശേഷം എല്ലാവരും മരക്കുരിശേന്തി യുവജനങ്ങളുടെ നേതൃത്വത്തിൽ പരിഹാരപ്രദക്ഷിണത്തിൽ സജീവമായി പങ്കെടുത്തു. ഒക്ടോബർ 22 ശനിയാഴ്ച ദമ്പതികളുടെ വിവാഹവാഗ്ദാന നവീകരണം ദിവ്യബലിമദ്ധ്യേ നടത്തി. വിവാഹജൂബിലി ആഘോഷിക്കുന്ന വർഗ്ഗീസ് - മേരി ദമ്പതികളും പോൾ - ബേബി ദമ്പതികളും ചേർന്ന് കേക്ക് മുറിച്ച് മധുരം പങ്കുവച്ചു. റവ. ഫാ. റാഫി കണ്ണനായ്ക്കലിന്റെ നേതൃത്വത്തിലുള്ള റവ. ഫാ. ജെയ്സൻ കാളൻ, ഫാ. ഡാനി കുറ്റിക്കാടൻ, ഫാ. പോൾ പുവ്വത്തിങ്കൽ, ഫാ. ചെറിയാൻ മാളിയേക്കൽ എന്നിവരടങ്ങുന്ന ടീം അംഗങ്ങൾ ധ്യാനത്തിന് നേതൃത്വം നൽകി. ധ്യാനത്തിന്റെ വിജയത്തിനായി പ്രവർത്തിച്ച എല്ലാവർക്കും കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർ നന്ദി രേഖപ്പെടുത്തി.




# ഓർമ്മിക്കുക ആചരിക്കുക

## മാർച്ച് 2023

| | | |
|---|---|---|
| 03-03-23 | വെള്ളി | മാസാദ്യവെള്ളി |
| 05-03-23 | ഞായർ | വി. അഡ്രിയൻ, നോമ്പ് മൂന്നാം ഞായർ |
| 08-03-23 | ബുധൻ | വി. യോഹന്നാൻ |
| 12-03-23 | ഞായർ | നോമ്പ് നാലാം ഞായർ |
| 19-03-23 | ഞായർ | വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ,<br>അർണോസ് പാതിരി ചരമ വാർഷികം<br>നോമ്പ് അഞ്ചാം ഞായർ |
| 25-03-23 | ശനി | മംഗള വാർത്താ തിരുനാൾ |
| 26-03-23 | ഞായർ | നോമ്പ് ആറാം ഞായർ |
| 31-03-23 | വെള്ളി | വി. ബഞ്ചമിൻ |

# കുടുംബകൂട്ടായ്മ വാർത്തകൾ

## ക്രിസ്തുരാജ കൂട്ടായ്മ

**സി. സഞ്ജന ജോയ് SJC ക്ക് ക്രിസ്തുരാജ കുടുംബകൂട്ടായ്മ സ്വീകരണം നൽകി.**

ഫെബ്രുവരി മാസം 5-ാം തിയ്യതി ഞായറാഴ്ച വൈകീട്ട് 6 മണിക്ക് റോയൽ എൻക്ലേവ് ഫ്ളാറ്റിലെ ശ്രീ. തെക്കേക്കര വാറുണ്ണി ഫ്രാങ്കോയുടെ ഭവനത്തിൽ ഫ്രാങ്കോ ആന്റണി ഇമ്മാനുവേലിന്റെ പ്രാർത്ഥനാ ഗാനത്തോടെ യോഗം ആരംഭിച്ചു, യോഗത്തിൽ സിസ്റ്റർ സഞ്ജനയ്ക്ക് ഹൃദ്യമായ സ്വീകരണം നൽകി.

ദൈവം നൽകിയ താലന്തുകളിൽ ഒന്നിനെ ദൈവത്തിന് ഏല്പിച്ച മാതാപിതാക്കളായ ഡോ. ജോയ്മാഷിന്റെയും അഞ്ജലിയുടെയും സമർപ്പണത്തെ അംഗങ്ങൾ അഭിനന്ദിക്കുകയും പ്രാർത്ഥനാശംസകൾ കൈമാറുകയും ചെയ്തു.

വിശ്വാസം പരിരക്ഷിക്കുകയും പരീക്ഷിക്കപ്പെടുകയും ചെയ്യുന്നവർത്തമാനകാലത്ത് സിസ്റ്റർ സഞ്ജന SJC സന്യാസസമൂഹത്തിലൂടെ താൻ അനുഭവിച്ച യേശുവിനെ മറ്റുള്ളവർക്ക് പകർന്ന് നൽകുവാനും, തന്നെ ഏല്പിക്കുന്ന ഉത്തരവാദിത്വങ്ങൾ ദൈവീക പദ്ധതിയാണെന്ന് തിരിച്ചറിഞ്ഞ് പ്രവർത്തിക്കുവാനും ഒപ്പം സഭയുടെയും സമൂഹത്തിന്റെയും നന്മയ്ക്കായി പ്രവർത്തിക്കുവാനും സാധിക്കട്ടെ എന്ന് കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർ ശ്രീ. കെ.ജെ. മേജോ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

മാതാപിതാക്കളുടെ ത്യാഗോജ്ജ്വലവും മാതൃകാപരവുമായ ജീവിതമാണ് തന്റെ സന്ന്യാസത്തിന് വഴികാട്ടി ആയിത്തീർന്നത് എന്ന് സിസ്റ്റർ സഞ്ജന തന്റെ മറുപടി പ്രസംഗത്തിൽ വ്യക്തമാക്കി. യോഗത്തിന് ശ്രീ. ഫ്രാങ്കോ തെക്കേക്കര സ്വാഗതവും പ്രതിനിധിയോഗം അംഗം ശ്രീ. ജോസ് അറക്കപ്പാടൻ നന്ദിയും രേഖപ്പെടുത്തി.

**സെക്രട്ടറി**








# I-ാം ചരമവാർഷികം

24.01.2023





ചാലിശ്ശേരി കാളത്തോട്ടുകാരൻ

## ദേവസി മകൻ വറീത്

**ജനനം : 17.05.1947**
**മരണം : 24.01.2022**

മഡോണ യൂണിറ്റ്

# Wedding

15th January 2023



## Anju Maria

D/o. Shaju T.V & Jancy Shaju
Thanikkal House,
Kurinjakkal Lane,
Ayyanthole

## Santo Tolan

S/o. Tolan P.R & Jolly Tolan
Pulikkan House,
Perinchery, Thrissur





# വിശ്വാസ പരിശീലന വാർത്തകൾ

സ്നേഹമുള്ള അദ്ധ്യാപകരേ, മാതാപിതാക്കളേ, വിദ്യാർത്ഥികളെ,

വിശ്വാസപരിശീലന വാർഷികപരീക്ഷകൾ നല്ലരീതിയിൽ എഴുതുവാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിച്ച എല്ലാവരേയും കൃതജ്ഞതയോടെ ഓർക്കുന്നു.

വീണ്ടും ഒരു ജീവിത നവീകരണ കാലഘട്ടത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. നമ്മുടെ നോമ്പുകാല തീർത്ഥാടന യാത്രകളോ, നോമ്പാചരണമോ നമ്മുടെ പ്രവർത്തികളെ സ്വാധീനിച്ച് വിശുദ്ധീകരിക്കുന്നില്ലെങ്കിൽ ഈ നോമ്പ് കാലം നമ്മൾക്ക് നിഷ്ഫലമാകും എന്ന തിരിച്ചറിവ് ഞങ്ങൾക്ക് നൽകണമേ എന്ന് പ്രാർത്ഥിക്കാം. ഈ നോമ്പ് കാലഘട്ടത്തിലും വേനൽ അവധിക്കാലത്തും മുടങ്ങാതെ വിശുദ്ധ കുർബാനയ്ക്ക് വരുവാൻ മക്കളെ പ്രോത്സാഹിപ്പിക്കണമെന്ന് മാതാപിതാക്കളോട് സ്നേഹപൂർവ്വം താല്പര്യപ്പെടുന്നു. വി. കുർബാനയ്ക്ക് മുടങ്ങാതെ വരുന്ന വിദ്യാർത്ഥികൾ അവരുടെ പേരുവിവരം റോഷ്നി സിസ്റ്ററുടെ കൈവശം എല്ലാ ദിവസവും നൽകേണ്ടതാണ്. മുടങ്ങാതെ വരുന്ന വിദ്യാർത്ഥികൾക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകി ആദരിക്കുവാൻ തീരുമാനിച്ച വിവരം എല്ലാ വിദ്യാർത്ഥികളേയും സന്തോഷപൂർവ്വം അറിയിക്കുന്നു.

വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കായുള്ള “ദൈവദർശന 2023” ത്രിദിനക്യാമ്പ് ഈ വർഷം ഏപ്രിൽ 10, 11, 12 (തിങ്കൾ, ചൊവ്വ, ബുധൻ) എന്നീ മൂന്ന് ദിവസങ്ങളിലായി നടത്തപ്പെടുന്നു. നമ്മുടെ ഇടവകയിലുള്ള എല്ലാ കുട്ടികൾക്കും പരസ്പരം പരിചയപ്പെടാനും, കളികളിലൂടെയും പ്രബോധനങ്ങളിലൂടെയും പ്രാർത്ഥനയിലൂടെയും യേശുവിനെ കൂടുതൽ അനുഭവിച്ചറിയുവാനും ഈ

ക്യാമ്പ് ഉപകരിക്കുന്നതാണ്. ആയതിനാൽ വ്യക്തിത്വവികസനത്തിന് ഈ ക്യാമ്പ് തീർച്ചയായും സഹായിക്കും എന്ന തിരിച്ചറിവിന്റെ വെളിച്ചത്തിൽ ഇടവകയിലെ ഒന്നാം ക്ലാസ് മുതൽ ACC വരെയുള്ള എല്ലാ വിശ്വാസപരിശീലന വിദ്യാർത്ഥികളും സ്നേഹപൂർവ്വം ത്യാഗത്തോടെ ഈ ക്യാമ്പിൽ സംബന്ധിക്കേണ്ടതാണ്. മാതാപിതാക്കൾ മക്കളെ പ്രോത്സാഹിപ്പിക്കുമല്ലോ. ക്യാമ്പ് മേജർ സെമിനാരി ബ്രദേഴ്സും സിസ്റ്റേഴ്സും നയിക്കുന്നതാണ്. വിശദ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. ഏവർക്കും നോമ്പിന്റെ അരൂപിയിൽ സത്കർമ്മങ്ങൾ അനുഷ്ഠിക്കാനും അക്കാദമിക് തലത്തിലുള്ള എല്ലാ പരീക്ഷകളിലും എൻട്രൻസ് പരീക്ഷകളിലും ഏവരും പങ്കെടുത്ത് ഉന്നതവിജയം കരസ്ഥമാക്കുവാനും സർവ്വശക്തനായ ദൈവം അനുഗ്രഹിക്കട്ടെ.

**ഡോ. ജോയ് കരേരക്കാട്ടിൽ**
പ്രിൻസിപ്പാൾ

---

# യൗസേപ്പിതാവിന്റെ ഭവനം

കെൽ ഡാർക്ക് പ്രശസ്തനായ ബ്രിട്ടീഷ് ഗവേഷകനാണ്. നസ്രത്തിൽ സന്യാസിനി മഠത്തിന്റെ താഴെയായി കല്ലും കുമ്മായവുമുപയോഗിച്ച് ഉണ്ടാക്കിയ ഒരു ഭവനം കെന്നിന്റെ ഗവേഷണത്തിൽ കണ്ടെത്തി, ഇത് യൗസേപ്പിതാവ് നിർമ്മിച്ചതായാണ് നിഗമനം. 1880ൽ സിസ്റ്റേഴ്സ് ഓഫ് നസ്രത്ത് ഇവിടെ ഒരു ജലസംഭരണി കണ്ടെത്തിയതും ഇതിലേയ്ക്ക് വിരൽചൂണ്ടുന്നു. യേശു ബാല്യകാലം ചിലവഴിച്ചത് ഇതിലാണെന്ന് കരുതപ്പെടുന്നു. ഗുഹയുടെ ഭാഗമായിട്ടാണ് ഈ ഭവനം. സ്വീകരണമുറിയും മറ്റെല്ലാ സൗകര്യങ്ങളും ഇതിലുണ്ട്. ഭിത്തികൾ ചുണ്ണാമ്പുകൊണ്ടുണ്ടാക്കിയതാണ്. മുകളിലേക്ക് ഗോണി പോലെയുള്ള പടികളും അതിന്റെ ആരംഭത്തിൽ ഒരു ഗുഹാമുഖവും ഉണ്ട്. ബൈബിൾ ഗവേഷകനായ വിക്ടർ ഗുയരിൻ ഇതു യൗസേപ്പിതാവിന്റെ ഭവനമാണെന്ന് തന്നെ വാദിക്കുന്നു. ഈ ഭവനത്തിന്റെ മുകളിൽ ദൈവാലയം നിർമ്മിച്ച് സംരക്ഷണം നൽകിയത് കുരിശുയുദ്ധകാലത്താണ്.

**ജീന വർഗ്ഗീസ്**
സെ. തോമസ് യൂണിറ്റ്

# സെമിത്തേരികളെ സംബന്ധിച്ച നിയമാവലി

**സൂചിക:**

a) പൗരസത്യസഭകളുടെ കാനോനസംഹിത (CCEO c.874)

b) കുഴിമാടങ്ങൾ, കല്ലറകൾ എന്നിവയെ സംബന്ധിച്ച സീറോ-മലബാർ സഭയുടെ പ്രത്യേക നിയമവും (പള്ളിയോഗ നടപടിക്രമങ്ങൾ, നമ്പർ 8:8) അതിരൂപതാനിയമവും (തൃശൂർ അതിരൂപതാ നിയമാവലി, അനുബന്ധം -1, പേജ് 10, 8:8)

c) ഇടവക സിമിത്തേരികളിലെ കല്ലറകളുടെ ഫീസും ഉപയോഗത്തിന്റെ കാലാവധിയും മറ്റും സംബന്ധിച്ച് ഐകരൂപ്യം ഉണ്ടാക്കുന്നതിന് ആവശ്യമായ പഠനം നടത്താൻ നിയോഗിക്കപ്പെട്ട കമ്മീഷന്റെ (No. 2733/08 dated 08-12-08) റിപ്പോർട്ട് (dated 31.03.09)

മേൽപ്പറഞ്ഞ രേഖകളുടെയും പഠനത്തിന്റെയും വെളിച്ചത്തിൽ, പൗരസ്ത്യ കാനൻനിയമത്തിനും സീറോ - മലബാർ സഭയുടെ പ്രത്യേക നിയമത്തിനും വിധേയമായി, അതിരുപതയിലുള്ള ഇടവകപ്പള്ളികളിലെ സിമിത്തേരിയുടെ ഉപയോഗം സംബന്ധിച്ച അതിരൂപതാനിയമാവലി താഴെ കൊടുത്തിരിക്കുന്നു.

## A) അംഗീകൃതമായ കല്ലറകൾ

പള്ളി സിമിത്തേരികളിൽ മൃതസംസ്കാരത്തിനായി താഴെ പറയുന്ന വിവിധതരം കല്ലറകൾ ഉണ്ടാക്കാവുന്നതാണ. 1. കുഴിമാടങ്ങൾ 2. സാധാരണ കല്ലറകൾ 3. സ്ഥിരം കല്ലറകൾ 3. 1. ഒരാൾ കല്ലറകൾ 3.2. ദമ്പതി കല്ലറകൾ, 3.3. കുടുംബ കല്ലറകൾ. ഇത്തരം കല്ലറകൾ ബെർത്ത്, സെൽ മാതൃകയിലും ഉണ്ടാക്കാവുന്നതാണ്. കല്ലറകൾക്കു പുറമേ ഭൗതികാവശിഷ്ടം സൂക്ഷിക്കുന്ന ചെറിയ സെല്ലുകൾ, സ്മാരകശിലകൾ എന്നിവയും ഉണ്ടാക്കാവുന്നതാണ്.

1. കുഴിമാടങ്ങൾ - ഓരോ മൃതസംസ്കാരാവശ്യത്തിനായി മണ്ണിൽ വെട്ടിയുണ്ടാക്കുന്ന കുഴികളെയാണ് കുഴിമാടങ്ങൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിൽ മൃതദേഹം മണ്ണുകൊണ്ടുതന്നെ മൂടി സംസ്കരിക്കുന്നു. യാതൊരുവിധ സ്ഥിരമായ നിർമ്മാണപ്രവർത്തനങ്ങളും ഇവയോടനുബന്ധിച്ച് പാടുള്ളതല്ല. പള്ളിയോഗം നിശ്ചയപ്രകാരം കുഴിമാടങ്ങൾ സൗജന്യമായോ ചെറിയ സംഖ്യ കുഴിക്കാണം വാങ്ങിയോ നൽകാവുന്നതാണ്.

2. സാധാരണ കല്ലറകൾ - പള്ളിയോഗം നിശ്ചയിക്കുന്ന സാധാരണ കുഴിക്കാണം നൽകി മൃതദേഹം സംസ്കരിക്കുന്നതിന് ഇടവക സ്വന്തമായി പണികഴിപ്പിച്ചിട്ടുള്ള സ്ഥിരസ്വഭാവമുള്ള കല്ലറകളെയാണ് സാധാരണകല്ലറകൾ എന്നു വിളിക്കുന്നത്. കല്ലറകൾ സ്ഥിരമായി നിർമ്മിച്ചവയാണെങ്കിലും ഇവയിൽ സംസ്കരിക്കപ്പെടുന്നവരുടെ ബന്ധുക്കൾക്ക് കല്ലറയെ സംബന്ധിച്ച് പ്രത്യേക അവകാശങ്ങൾ ഒന്നും ഇല്ല. ഇവയുടെ ഉപയോഗം സംബന്ധിച്ച മുഴുവൻ അധികാരവും ഇടവകയ്ക്കായിരിക്കും.

3. സ്ഥിരം കല്ലറകൾ - പൊതുനിയമത്തിനുള്ളിൽ നിന്നുകൊണ്ട് പള്ളിയോഗം നിശ്ചയിച്ചിട്ടുള്ള ഉയർന്ന നിരക്കനുസരിച്ചുള്ള സംഖ്യ അടച്ച് വ്യക്തികൾ/കുടുംബങ്ങൾ/ദമ്പതികൾ എന്നിവരുടെ മൃതസംസ്കാരത്തിനായി നിശ്ചിത കാലയളവിലേക്ക് വാങ്ങുന്ന കല്ലറകളെയാണ് സ്ഥിരം കല്ലറകൾ എന്നു നിർവചിച്ചിട്ടുള്ളത്. ഇതിൽ സംസ്കരിക്കുന്ന മൃതദേഹങ്ങളുടെ എണ്ണം അനുസരിച്ച് ഇവ വിവിധ ഗണത്തിൽപ്പെടുന്നു.

3.1. ഒരാളെ സംസ്കരിക്കുന്ന സ്ഥിരം കല്ലറ - ഒരു മൃതദേഹം മാത്രം സംസ്കരിക്കുന്നതിനായി, ഇത്തരം കല്ലറകൾക്ക് യോഗം നിശ്ചയിച്ചിട്ടുള്ള സംഖ്യ അടച്ച് വാങ്ങുന്ന കല്ലറകളാണിവ. നിശ്ചിതകാലഘട്ടം കല്ലറ നിലനിർത്താവുന്നതും അനുവദിക്കപ്പെട്ട നിർമ്മാണപ്രവർത്തനങ്ങൾ ചെയ്യാവുന്നതുമാണ്. ഇടവകയോഗം അനുവദിക്കുന്നുണ്ടെങ്കിൽ തൊട്ടടുത്ത് വാങ്ങിയിരിക്കുന്ന രണ്ട് വ്യത്യസ്ത ഒരാൾ കല്ലറകൾക്ക് ഒറ്റ സ്ലാബ് ഇടാവുന്നതാണ്. ഇടവക യോഗനിശ്ചയം അനുവദിക്കുന്നുണ്ടെങ്കിൽ കൂടുതലായി നൽകേണ്ട സംഖ്യ അടച്ച് ഇത്തരം കല്ലറകൾ ദമ്പതീ കല്ലറകളായോ കുടുംബ കല്ലറകളായോ മാറ്റാവുന്നതാണ്.

3.2. ദമ്പതി കല്ലറകൾ - ദമ്പതികളെ സംസ്കരിക്കുന്നതിനായി, ഇത്തരം കല്ലറകൾക്ക് യോഗം നിശ്ചയിച്ചിട്ടുള്ള സംഖ്യ അടച്ച് വാങ്ങുന്ന കല്ലറകളാണിവ. നിശ്ചിത കാലഘട്ടം കല്ലറ നിലനിർത്താവുന്നതും അനുവദിക്കപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്യാവുന്നതുമാണ്. ഇടവക യോഗനിശ്ചയം അനുവദിക്കുന്നുണ്ടെങ്കിൽ കൂടുതലായി നൽകേണ്ട സംഖ്യ അടച്ച് ഇത്തരം കല്ലറകൾ കുടുംബ കല്ലറകളായി മാറ്റാവുന്നതാണ്.

3.3. കുടുംബകല്ലറകൾ - പൊതുനിയമം നിശ്ചയിച്ചിട്ടുള്ള കുടുംബാംഗങ്ങളെ മുഴുവനും സംസ്കരിക്കുന്നതിന്, ഇത്തരം കല്ലറകൾക്ക് യോഗം നിശ്ചയിച്ചിട്ടുള്ള സംഖ്യ അടച്ച് വാങ്ങുന്ന

കല്ലറകളാണ് കുടുംബകല്ലറകൾ. നിശ്ചിത കാലഘട്ടം കല്ലറ നില നിർത്താവുന്നതും അനുവദിക്കപ്പെട്ട നിർമ്മാണപ്രവർത്തനങ്ങൾ ചെയ്യാവുന്നതുമാണ്.

4. ഭൗതികാവശിഷ്ടം സൂക്ഷിക്കുന്ന ചെറിയ സെല്ലുകൾ - കല്ലറ കളിലോ കുഴിമാടങ്ങളിലോ സംസ്കരിച്ച മൃതദേഹാവശിഷ്ടങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനായി സെമിത്തേരികളിൽ / അതിരൂപത കാര്യാലയം അനുവദിക്കുന്ന മറ്റു സ്ഥലങ്ങളിൽ ഉണ്ടാക്കുന്ന ചെറിയ സെല്ലുകളാണ് ഇവ. ഇവയുടെ കാലാവധി 40 വർഷമായി രിക്കും. ഇവക്കു നൽകേണ്ട സംഖ്യ എത്രയെന്ന് നിശ്ചയിക്കാ നുള്ള അധികാരം പള്ളിയോഗത്തിനായിരിക്കും.

5. സ്മാരകശിലകൾ - മരിച്ചുപോയ പൂർവ്വകരുടെ സ്മരണ യ്ക്കായി ഭൗതികാവശിഷ്ടം ഇല്ലാതെ പരസ്യബോർഡുകൾ പോലെ സെമിത്തേരിയിൽ/അതിരൂപത കാര്യാലയം അനുവദി ക്കുന്ന മറ്റു സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന നിശ്ചിത അളവിലുള്ള അനുസ്മരണ ബോർഡുകൾ/ഫലകങ്ങൾ (Memorial Planks) ആണ് ഇവ. ഇവയിൽ അനുസ്മരിക്കപ്പെടുന്ന വ്യക്തിയെ സംബന്ധിച്ച വിവരങ്ങൾ മാത്രമേ രേഖപ്പെടുത്താവൂ. ഇവയുടെ കാലാവധി 40 വർഷമായിരിക്കും. ഇവക്കു നൽകേണ്ട സംഖ്യ എത്രയെന്ന് നിശ്ചയിക്കാനുള്ള അധികാരം പള്ളിയോഗത്തിനായിരിക്കും.

B) കല്ലറകളുടെ നിരക്ക്

1. കുഴിമാടങ്ങളുടെ/കല്ലറകളുടെ ഫീസ് നിശ്ചയിക്കാനുള്ള അധി കാരം ബന്ധപ്പെട്ട പള്ളിയോഗത്തിനാണ്. പുതിയ കല്ലറകൾ ഉണ്ടാക്കുമ്പോഴും നിലവിലുള്ള നിരക്കിൽ മാറ്റം വരുത്തുമ്പോഴും അതിന് പള്ളിയോഗ (പൊതുയോഗം / പ്രതിനിധിയോഗം) തീരുമാനപ്രകാരം അതിരൂപതാകാര്യാലയത്തിൽ നിന്നും അംഗീ കാരം വാങ്ങേണ്ടതാണ്.

2. ദമ്പതി, കുടുംബ കല്ലറകളിൽ ഒന്നിൽ കൂടുതൽ മൃതസംസ് കാരം നടത്തുമ്പോൾ ഓരോ പ്രാവശ്യവും അതാത് കല്ലറകൾക്ക് അന്ന് നിലവിലുള്ള സംഖ്യയുടെ 50% അടയ്ക്കണം. എന്നാൽ ദമ്പതി കല്ലറകളുടെ കാര്യത്തിൽ മരണാനന്തര ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ ആളില്ലാതെ വരുന്ന സാഹചര്യത്തിൽ രണ്ടാമത്തെ വ്യക്തി ജീവിച്ചിരിക്കെതന്നെ അന്നു നിലവിലുള്ള സംഖ്യയുടെ 50% അടയ്ക്കാൻ അതിരൂപതാധ്യക്ഷന് പ്രത്യേകം അനുവദിക്കാ വുന്നതാണ്.

3. സ്ഥിരം കല്ലറകൾ, ദമ്പതി കല്ലറകൾ, കുടുംബ കല്ലറകൽ എന്നിവയുടെ നിരക്കിൽ വരുത്തുന്ന മാറ്റം സാധാരണ കല്ലറയുടേതുമായി ബന്ധിപ്പിക്കരുത്. (ഉദാ. സാധാരണ കല്ലറയുടെ നാലിരട്ടി എന്ന് പറയരുത്.) ദമ്പതി കല്ലറകൾ, കുടുംബ കല്ലറകൾ എന്നിവയുടെ നിരക്ക് എപ്പോഴും ഒരാളെ അടക്കാനുള്ള സ്ഥിരം കല്ലറകളുടെ നിരക്കിനേക്കാൾ കൂടിയിരിക്കണം.

4. പാവപ്പെട്ടവർക്ക് കുഴിമാടങ്ങളുടെ/സാധാരണ കല്ലറകളുടെ കുഴിക്കാണം ആവശ്യമെങ്കിൽ ഒഴിവാക്കി നൽകാവുന്നതാണ്.

5. ഇടവകക്കാരല്ലാത്തവരെ കല്ലറകളിൽ (സാധാരണ കല്ലറകളുൾപ്പെടെ) സംസ്കരിക്കുമ്പോൾ ഇടവകക്കാർ നൽകുന്ന സംഖ്യയുടെ 50% കൂടുതൽ നൽകണം. എന്നാൽ സ്ഥിരം കല്ലറ വാങ്ങിയിട്ടുള്ളവർക്കും പ്രസ്തുത സെമിത്തേരിയിൽ മൃതസംസ്കാരം നടത്താൻ അതിരൂപത കാര്യാലയം അനുവദിച്ചിട്ടുള്ള ഇടവകക്കാർക്കും ഇത് ബാധകമല്ല.

6. സെമിത്തേരി സ്വന്തമായി ഇല്ലാത്ത പുതിയ ഇടവകക്കാരുടെ മൃതസംസ്കാരത്തിന് മാതൃ ഇടവകപള്ളിയിൽ ലഭിക്കുന്ന സ്ഥിരം കല്ലറയുടെ (ഒരാൾ, ദമ്പതി, കുടുംബ കല്ലറകൾ) ഫീസിന്റെ 25% ലഭിക്കാൻ അത്തരം പുതിയ ഇടവകപള്ളിക്ക് അവകാശമുണ്ടായിരിക്കും. പുതിയ ഇടവകയിൽ നിന്നുള്ള മൃതസംസ്കാരത്തിന് മാതൃഇടവകപള്ളി അധികചാർജ്ജും ഈടാക്കാൻ പാടുള്ളതല്ല.

## C) കല്ലറകളുടെ കാലാവധി

1. കുഴിമാടങ്ങൾ/സാധാരണ കല്ലറകൾ എന്നിവയുടെ ഉപയോഗം, കാലപരിധി തുടങ്ങിയവയെ സംബന്ധിച്ച മുഴുവൻ അധികാരങ്ങളും ഇടവകയ്ക്കായിരിക്കും. സ്ഥിരം കല്ലറകളുടെ കാലാവധി 40 വർഷവും ദമ്പതി കല്ലറകളുടെ കാലാവധി അവസാനത്തെ ദമ്പതിയുടെ മൃതസംസ്കാരത്തിനുശേഷം 40 വർഷവും കുടുംബകല്ലറകളുടെ കാലാവധി പൊതുനിയമം അംഗീകരിക്കുന്ന ഗുണഭോക്താക്കളിൽ അവസാന വ്യക്തിയെ സംസ്കരിച്ച തീയതി മുതൽ 40 വർഷവും ആയിരിക്കും.

2. സ്ഥിരം കല്ലറകളുടെ (ഒരാൾ, ദമ്പതി, കുടുംബ കല്ലറകൾ) കാലാവധി കഴിഞ്ഞാൽ അവ പൊളിക്കാതിരിക്കാൻ ഏതു വിഭാഗം കല്ലറയാണെങ്കിൽ അതിന്റെ നിലവിലുള്ള ഫീസ് അടച്ച് പള്ളിയോഗ തീരുമാനപ്രകാരം അവയുടെ കാലാവധി പുതുക്കാവുന്ന

താണ്.

3. കാലപ്പഴക്കം കൊണ്ട് നശിച്ചുപോയ പഴയ കല്ലറകൾ പുനരുദ്ധരിക്കേണ്ടതില്ല. അങ്ങനെ ചെയ്യണമെങ്കിൽ അതിരൂപത കാര്യാലയത്തിൽ നിന്ന് അനുവാദം വാങ്ങേണ്ടതാണ്.

D) കല്ലറകളുടെ അവകാശം

1. സഭാപരമായ ശിക്ഷയിൽ ഉൾപ്പെട്ടിരിക്കുന്നവർ ഒഴികെയുള്ള ഇടവകാംഗങ്ങളായ മുഴുവൻ വിശ്വാസികൾക്കും സെമിത്തേരിയുടെ ഉപയോഗം സംബന്ധിച്ച നിയമങ്ങൾക്കു വിധേയമായി ആ ഇടവകയിലെ/ ആ ഇടവകക്കാരുടെ ഉപയോഗത്തിന് അനുവദിക്കപ്പെട്ടിട്ടുള്ള മറ്റൊരു ഇടവകയുടെ സെമിത്തേരിയിൽ മൃതസംസ്കാരത്തിനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്. ഇടവകാതിർത്തിയിൽ അനാഥാലയങ്ങൾ ഉണ്ടെങ്കിൽ അവയിലെ കത്തോലിക്കാവിശ്വാസികളായ സ്ഥിരാംഗങ്ങൾക്ക് ആവശ്യമെങ്കിൽ ആ ഇടവകയിലെ/ആ ഇടവകക്കാരുടെ ഉപയോഗത്തിന് അനുവദിക്കപ്പെട്ടിട്ടുള്ള മറ്റൊരു ഇടവകയുടെ സെമിത്തേരിയിൽ മൃതസംസ്കാരം നടത്താൻ അനുവദിക്കേണ്ടതാണ്.

2. സെമിത്തേരി ഇല്ലാത്ത ഇടവകകളിലെ വിശ്വാസികൾക്ക് മാതൃ ഇടവകയിൽ/അതിരൂപത കാര്യാലയം അനവദിക്കുന്ന ഇടവകയിൽ കുഴിമാടങ്ങൾ, സാധാരണ കല്ലറകൾ, സ്ഥിരം കല്ലറകൾ (ഒരാൾ, ദമ്പതീ, കുടുംബം) എന്നിവക്ക് ആ ഇടവകക്കാർക്ക് ബാധകമായ നിയമങ്ങൾക്ക് വിധേയമായി അവകാശം ഉണ്ടായിരിക്കുന്നതാണ്.

3. ദമ്പതീകല്ലറകൾ : വാങ്ങുന്ന വ്യക്തിയെയും ടിയാളുടെ കൗദാശിക വിവാഹത്തിലെ ജീവിതപങ്കാളി/പങ്കാളികളെ ഈ കല്ലറയിൽ സംസ്കരിക്കാവുന്നതാണ്.

4. കുടുംബകല്ലറകൾ : കല്ലറ ആരുടെ പേരിൽ എടുക്കുന്നുവോ ആ വ്യക്തിക്കും ടിയാളുടെ ജീവിതപങ്കാളിക്കും/ജീവിതപങ്കാളികൾക്കും (നമ്മുടെ പാരമ്പര്യമനുസരിച്ച് സ്ത്രീ പുനർവിവാഹം ചെയ്താൽ മറ്റൊരു കുടുംബത്തിന്റെ ഭാഗമാകും. അതിനാൽ കല്ലറ വാങ്ങുന്നത് കുടുംബനാഥയാണെങ്കിൽ ടിയാൾ പുനർവിവാഹം ചെയ്താൽ പ്രസ്തുത പുനർവിവാഹത്തില ജീവിതപങ്കാളിക്കും പിൻതലമുറക്കാർക്കും ഈ നിയമാവകാശം ഇല്ല.) കല്ലറ വാങ്ങിയ കുടുംബനാഥന്റെ (വാങ്ങിയത് കുടുംബനാഥയാണെങ്കിൽ ടിയാൾ ഏതു കുടുംബത്തിന്റെ ഭാഗമായിട്ടാണോ കല്ലറ വാങ്ങിയത് ആ കുടുംബത്തിലെ) മാതാപിതാക്കൾക്കും ആൺമക്കൾക്കും

(ദത്തുമക്കളുൾപ്പെടെ) അവരുടെ ഭാര്യമാർക്കും അവിവാഹിതരായ പെൺമക്കൾക്കും (ദത്തുമക്കളുൾപ്പെടെ) അവിവാഹിതരായ സഹോദരർക്കും അവകാശം ഉണ്ടായിരിക്കുന്നതാണ്.

5. കുടുംബകല്ലറക്ക് അവകാശമുള്ളവർ മറ്റു ഇടവകകളിലേക്ക് മാറി പോയാലും ടി. അവകാശം അഭംഗുരം നിലനിൽക്കുന്നതാണ്. ഇത്തരം സാഹചര്യങ്ങളിൽ അവർ ഇപ്പോൾ അംഗമായിരിക്കുന്ന ഇടവകയിലെ വികാരി മൃതസംസ്കാരം നടത്തുന്ന സ്ഥലത്തെ വികാരിക്ക് കത്തുനൽകേണ്ടതാണ്.

6. സ്ഥിരം, ദമ്പതി, കുടുംബകല്ലറകൾ ബുക്ക് ചെയ്തതിനു ശേഷം ഇടവക മാറിയതിനാലോ മറ്റു കാരണങ്ങളാലോ ബുക്ക് ചെയ്ത കല്ലറ വേണ്ടെന്ന് വച്ച് തിരിച്ചേൽപ്പിക്കാവുന്നതാണ്. ഇത്തരം സാഹചര്യത്തിൽ പ്രസ്തുത കല്ലറ ബുക്ക് ചെയ്ത സമയത്ത് അടച്ചിരുന്ന സംഖ്യമാത്രം കക്ഷിക്ക് തിരിച്ച് കൊടുക്കേണ്ടതാണ്.

E) വൈദികർക്കുള്ള കല്ലറകൾ

ഇടവകയിലെ സിമിത്തേരി കപ്പേളയോടനുബന്ധിച്ച് വൈദികർക്ക് (ദേശത്തു പട്ടക്കാർക്ക്) സൗജന്യമായി സ്ഥിരം കല്ലറ കൊടുക്കണം. ഇടവകയിൽ നിന്നുള്ള മറ്റു വൈദികർക്കും ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ ഈ ആനുകൂല്യം നൽകാവുന്നതാണ്. സ്വന്തം ഇടവകയിൽ മാത്രമേ ഇത് അവകാശമായിരിക്കുകയുള്ളു. പ്രസ്തുത കല്ലറകൾക്ക് കാലപരിധിയില്ല. ഏതെങ്കിലും വൈദികന് തന്റെ കുടുംബത്തിന്റെ കല്ലറയിൽ സംസ്കരിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ അപ്രകാരം ചെയ്യാവുന്നതാണ്. അപ്രകാരം ചെയ്യുമ്പോൾ സാധാരണ കുടുംബകല്ലറകളോടനുബന്ധിച്ച് വാങ്ങുന്ന ഫീസ് വാങ്ങാവുന്നതാണ്.

F) കല്ലറകളുടെ അളവ് (ഉള്ളളവ്)

1. കുഴിമാടം/സാധാരണ കല്ലറ : നീളം - 6½ അടി, വീതി - 2½ അടി, താഴ്ച - 3 അടി

2. സ്ഥിരം കല്ലറ (ഒരാൾക്ക്) : നീളം - 6½ അടി, വീതി - 2½ അടി, താഴ്ച - 3 അടി

3. ദമ്പതി കല്ലറ : നീളം - 6½ അടി, വീതി - 2½ അടി, താഴ്ച - 4 അടി

4. കുടുംബ കല്ലറ : നീളം - 6½ അടി, വീതി - 2½ അടി, താഴ്ച - 6 അടി

# 41-ാം ചരമദിനം

25.02.2023





തറയിൽ ഇന്നീസ് ഭാര്യ

## ലിസി

ജനനം : 29.04.1959 മരണം : 16.01.2023



ഞാനാണ് പുനരുത്ഥാനവും ജീവനും,
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും
(യോഹ. : 11: 25)

സന്തപ്ത കുടുംബാംഗങ്ങൾ
ഹോളി ഫാമിലി യൂണിറ്റ്

# സ്നേഹസ്മരണയ്ക്ക്



39-ാം ചരമവാർഷികം

താണിക്കൽ കോടങ്കണ്ടത്ത് ഔസേപ്പ്

**അന്തോണി**

ജനനം : 25.11.1922
മരണം : 28.02.1984





9-ാം ചരമവാർഷികം

താണിക്കൽ കോടങ്കണ്ടത്ത് അന്തോണി ഭാര്യ

**മേരി**

ജനനം : 01.10.1925
മരണം : 16.03.2014

പ്രാർത്ഥനകളോടെ...
ആന്റോ കോടങ്കണ്ടത്ത് & ഫാമിലി

ഹോളി ഫാമിലി യൂണിറ്റ്

# SAHṚDAYA
COLLEGE OF ADVANCED STUDIES
KODAKARA-THRISSUR-KERALA
AFFILIATED TO UNIVERSITY OF CALICUT
Managed by The Catholic Diocese Of Irinjalakuda

" WE PROMOTE CHARACTER AND THE REST FOLLOWS"

Creating " Future-Ready " Graduates
EVER TO EXCEL



9400063194, 9446940458, 9497233713, 0480 2713713
scasadmission@gmail.com
info@sahrdayacas.ac.in
www.sahrdayacas.ac.in

REGISTRATION FOR 2023 - 24 Open

19 UG & 6 PG PROGRAMMES

VALUE ADDED PROFESSIONAL PROGRAMMES

## B.Com
Professional, Finance (3 batches), Taxation, Banking & Insurance, Computer Application

## B.Sc
Computer Science, Information Technology, Physics, Chemistry, Mathematics, Psychology, Geology

## BCA
(Bachelor of Computer Application)

## BBA
Finance

## BA
Graphic Design & Animation, English with Journalism, Malayalam with Journalism

## M.Sc.
Psychology, Clinical Psychology Computer Science

## M.A
English

## M.Com
Finance

## M.S.W.
(Master of Social Work)

- CA
- CS
- CMA (IND)
- ACCA (UK)
- CMA (US)
- CPA (US)
- CIMA (UK)
- CFA (US)
- FRM (US)
- CFP (US)
- EA (US)
- FINTECH (US)
- LOGISTICS (UK)
- BUSINESS ANALYTICS (KPMG)
- AVIATION (IATA)
- CAT (ICAI)
- AI

- SEPARATE HOSTEL FACILITY FOR BOYS & GIRLS
- TRANSPORTATION FACILITIES AVAILABLE

STRATEGIC AND EXPERIENTIAL LEARNING
- Linguaskill (Cambridge Assessment)
- CIVIL SERVICE COACHING
- TOASTMASTERS INTERNATIONAL
- IELTS

WITH ALL UG & PG PROGRAMMES

SKILLS EMPOWERMENT PROGRAMME
- EMPLOYABILITY SKILLS
- SOFT SKILLS
- LIFE SKILLS
- COMMUNICATION SKILLS
- PLACEMENT TRAINING

1ST HOLY COMMUNION OF

on 26th Dec

# Reuben Jo Mundassery

S/o. Mrs. Jerry Ann Jacob
& Mr. Rijo Mundassery
Mundassery House,
Ayyanthole





Reuben
Grandson of Mrs. Rosily Joseph
& Mr. Joseph Mundassery

Grandson of Mrs. Elizabath Jacob
& Mr. Jacob Mathew



Best Compliments from : Is

BAPTISM OF

**cember 2022**





# Nilah Ann Sonu

D/o. Mrs. Reshma Joseph
& Mr. Sonu Suresh Jose
Punchathalackal House,
Poonjar, Kottayam



Nilah
Grand daughter of Mrs. Rosily Joseph
& Mr. Joseph Mundassery

Grand daughter of Mrs. Sumy Suresh
& Mr. Suresh Jose

sabel, Anjoe, Anvi & Anton

# First Religious commitment

26.01.2023



# SR. SANJANA JOY SJC

D/O Mrs Anjali Joy & Dr Joy Karerakattil
Karerakattil House

Prayerful Greetings From Christraja Unit

# 3rd YEAR OF DEMISE

25.03.2023





## BABU P.A

PARAKKADEN HOUSE

BORN : 10.08.1961
DIED : 25.03.2020

With Loving Memories
Sorrowing Family



ST. SEBASTIAN UNIT

# I-ാം ചരമവാർഷികം

18.03.2023









ആലപ്പാട്ട് കൊച്ചാപ്പു മകൻ

## ആന്റണി

ജനനം : 25.12.1944 മരണം : 18.03.2022

**പ്രാർത്ഥനാപൂർവ്വം**

ഭാര്യ : ശാന്ത ആന്റണി

മക്കൾ : വിജു, ഷിജു, ലിജി

മരുമക്കൾ : ജോയ്സി, ആശ, ആന്റു

പേരക്കുട്ടികൾ : എയ്ഞ്ചൽ, എരോൺ, ആബേൽ, ആൽബി, അനു, അമൽ

മഡോണ യൂണിറ്റ്

5. നിലത്തു പണിയുന്ന സ്ഥിരം, ദമ്പതി & കുടുംബ കല്ലറകളുടെ ഉയരം : സ്ലാബിൽ നിന്ന് കുരിശ് അടക്കം ഒരു അടി മാത്രം. പ്രസ്തുത കല്ലറകളുടെ മുകളിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുമ്പോൾ ഉപരിതലത്തിന്റെ വീതി 2 അടിയും നീളം 5 അടിയും മാത്രമേ പാടുള്ളൂ. താഴെ കല്ലറകൾക്കിടയിലുള്ള ഭാഗം ടൈൽസ് വിരിച്ചോ മറ്റു വിധത്തിലോ ക്രമീകരിക്കുന്നുണ്ടെങ്കിൽ, അക്കാര്യത്തിൽ ഇടവക പൊതുവായ മാനദണ്ഡം നിശ്ചയിക്കണം. ഇപ്രകാരം ചെയ്യുന്നത് സെമിത്തേരിയിൽ എല്ലായിടത്തും ഒരേ നിരപ്പിൽ (ഒരിഞ്ച് ഉയരത്തിൽ) ആകണം.

G) മറ്റു നിബന്ധനകൾ

1. സിമിത്തേരിയിൽ വിവിധതരം കല്ലറകൾക്കു ഭാഗം തിരിച്ച്, നമ്പറിട്ട് ചാർട്ട് ഉണ്ടാക്കുകയും കല്ലറകൾ ബുക്ക് ചെയ്തു കഴിഞ്ഞാൽ ബന്ധപ്പെട്ടവരുടെ വിശദ വിവരങ്ങൾ കല്ലറ രജിസ്റ്ററിൽ ചേർത്ത്, ബന്ധപ്പെട്ട രജിസ്റ്റർ നമ്പർ ചാർട്ടിലും കല്ലറയിലും അടയാളപ്പെടുത്തുകയും വേണം, കല്ലറകൾ ക്രമമനുസരിച്ച് കൊടുക്കാൻ ശ്രദ്ധിക്കണം,

2. വിശുദ്ധ സ്ഥലമായ സിമിത്തേരി ഭദ്രമായും ഭംഗിയായും സൂക്ഷിക്കേണ്ടതാണ്.

3. സിമിത്തേരിയിൽ പാഴ്വസ്തുക്കൾ ഇടാനും എല്ലുകൾ നിക്ഷേപിക്കാനുമുള്ള കുഴികൾ വെവ്വേറെ ക്രമീകരിക്കണം. അസ്ഥിക്കുഴി ഭദ്രമായി അടച്ചുപൂട്ടി സൂക്ഷിക്കേണ്ടതാണ്.

4. ഈ നിയമാവലി 2010 ജൂൺ 1 മുതൽ പ്രാബല്യത്തിൽ വന്നതാണ്. അന്നുമുതൽ മേൽപ്പറഞ്ഞ നിയമങ്ങൾക്ക് വിരുദ്ധമായി അതിരൂപതയിലെ വിവിധ ഇടവകകളിലെ കീഴ്വഴക്കങ്ങൾക്കും ആചാരങ്ങൾക്കും യോഗനിശ്ചയങ്ങൾക്കും സാധുത ഉണ്ടായിരിക്കുന്നതല്ല. എന്നാൽ പുതിയ നിയമം നിലവിൽ വന്ന 2010 ജൂൺ 1ന് മുമ്പ് വാങ്ങി ഉപയോഗിച്ചിട്ടുള്ള കല്ലറകളുടെ വലുപ്പം, കാലാവധി എന്നിവയ്ക്ക് മാത്രം അവ വാങ്ങിയ കാലത്ത് നിലവിലുണ്ടായിരുന്ന രൂപത/അതിരൂപത നിയമാവലിയിൽ പറഞ്ഞിട്ടുള്ള വലുപ്പവും കാലാവധിയുമായിരിക്കും ബാധകമായിരിക്കുക. അവ നവീകരിക്കുമ്പോൾ പൊതുനിയമത്തിനു വിധേയമായി ഇടവകയോഗത്തിന്റെ തീരുമാനം മാനിക്കേണ്ടതാണ്.

5. ഈ നിയമാവലിയിൽ നൽകിയിട്ടുള്ള നിയമങ്ങളെ സംബന്ധിച്ച് വ്യാഖ്യാനം നൽകുന്നതിനും ഭേദഗതികൾ വരുത്തുന്ന

തിനും ആവശ്യമെങ്കിൽ തത്സംബന്ധമായ പുതിയ നിയമങ്ങൾ ഉണ്ടാക്കുന്നതിനും ഇതിലെ നിയമങ്ങളെ സംബന്ധിച്ചോ അതിരൂപതയിലെ സെമിത്തേരിയുടെ ഉപയോഗം സംബന്ധിച്ചോ ഉണ്ടാകുന്ന എല്ലാ തർക്കവിഷയങ്ങളിലും അന്തിമതീരുമാനമെടുക്കുന്നതിനും തൃശൂർ സീറോമലബാർ കത്തോലിക്കാ അതിരൂപതയുടെ അധ്യക്ഷന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

## അറിയിപ്പ്
## കല്ലറ എടുത്തവരുടെ ശ്രദ്ധയ്ക്ക്

പ്രിയ ഇടവകാംഗങ്ങളെ,

അയ്യന്തോൾ പള്ളി സെമിത്തേരിയിൽ കല്ലറകൾ എടുത്തവരുടെ രജിസ്റ്ററുകൾ നവീകരിക്കുന്നതിന്റെയും, കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന്റെയും ഭാഗമായി ഇതുവരെ കല്ലറകൾ ഏറ്റെടുത്തിരിക്കുന്നവരോ, അവരുടെ കുടുംബാംഗങ്ങളോ പ്രസ്തുത കല്ലറ ഏറ്റെടുത്തത് സംബന്ധിച്ച രശീതികളോ, കരാറുകളോ, മറ്റ് ബന്ധപ്പെട്ട രേഖകളോ, പകർപ്പുകൾ സഹിതം പള്ളി ഓഫീസിൽ ഒപ്പിട്ട അപേക്ഷ സഹിതം സമർപ്പിക്കേണ്ടതാണ്. കല്ലറ ഏറ്റെടുത്തത് സംബന്ധിച്ച രശീതികളോ, കരാറുകളോ, മറ്റ് ബന്ധപ്പെട്ട രേഖകളോ ഇല്ലാത്തപക്ഷവും അപേക്ഷ നൽകേണ്ടതാണ്. ഇപ്രകാരം നൽകുന്ന അപേക്ഷയിൽ കല്ലറ എടുത്ത വർഷം, കല്ലറ എടുത്ത വ്യക്തിയുടെ പേര്, കല്ലറ എടുത്തശേഷം അടക്കം ചെയ്ത വ്യക്തി/ വ്യക്തികളുടെ പേരുകളും, കല്ലറ എടുത്ത വ്യക്തിയുമായുള്ള ബന്ധം, അടക്കം ചെയ്ത തിയ്യതി/വർഷം, അടക്കം ചെയ്തപ്പോൾ ലഭിച്ച രേഖ/ രശീതി, പകർപ്പ് എന്നിവയും വ്യക്തമാക്കേണ്ടതും നൽകേണ്ടതുമാകുന്നു. കല്ലറ ഒന്ന്ക്ക് ഒരു അപേക്ഷകൻ മാത്രം അപേക്ഷ സമർപ്പിച്ചാൽ മതിയാകുന്നതാണ്. കല്ലറകൾ എടുത്തിരിക്കുന്ന നിലവിൽ ഇടവകാംഗങ്ങൾ അല്ലാത്തവർക്കും ഈ അറിവ് ലഭിക്കുന്ന മുറക്ക് അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

എന്ന്

**വികാരി.**

# വിശ്വാസവഴിയിലെ സംശയങ്ങൾ

***കുമ്പസാരം എന്തിന്? ആദ്യകാലങ്ങളിൽ ആളുകൾ തങ്ങളുടെ പാപങ്ങൾ പരസ്യമായി ഏറ്റുപറഞ്ഞിരുന്നു. അപ്രകാരം ദൈവത്തോട് നേരിട്ട് ഏറ്റുപറഞ്ഞാൽ പോരെ?***

വൈദികരോട് പാപങ്ങൾ ഏറ്റുപറയുന്നത് എന്തിന് എന്ന ചോദ്യത്തിന് ഉത്തരം വിശുദ്ധഗ്രന്ഥത്തിൽ നിന്ന് ചൂണ്ടിക്കാണിക്കാൻ സാധിക്കും. ഈശോ പത്രോസിനോട് പറഞ്ഞു: 'നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും" (മത്താ 16: 19, 18:18). യോഹന്നാന്റെ സുവിശേഷപ്രകാരം ഉയിർത്തെഴുന്നേറ്റ ഈശോ ശിഷ്യന്മാരോട് പറഞ്ഞു: "നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോടു ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും" (യോഹ. 20:22-23). അതുകൊണ്ട് പാപങ്ങൾ മോചിക്കാനുള്ള അധികാരം യേശു തന്റെ ശിഷ്യന്മാർക്ക് നൽകി. ആ അധികാരമാണ് ഇന്ന് മെത്രാന്മാർക്കും വൈദികർക്കും ലഭിച്ചിരിക്കുന്നത്. പാപമോചനാർത്ഥം പാപങ്ങൾ സഭയോട് ഏറ്റ് പറയണമെന്ന് യേശുവിന്റെ വാക്കുകൾ സൂചിപ്പിക്കുന്നു. സഭയോട് ഏറ്റുപറയുക എന്നാൽ സഭയുടെ പ്രതിനിധിയായ വൈദികനോട് പാപങ്ങൾ ഏറ്റുപറയുക എന്നാണ്. ചോദ്യത്തിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ ആദ്യകാലങ്ങളിൽ പാപങ്ങൾ പരസ്യമായി ഏറ്റപറഞ്ഞിരുന്നു. പരസ്യമായി ഏറ്റുപറയുന്നത്, വ്യക്തികൾക്ക് ബുദ്ധിമുട്ടുളവാക്കുന്നു എന്നു മനസ്സിലാക്കിയപ്പോഴാണ് ആറാം നൂറ്റാണ്ടിൽ അത് രഹസ്യമായി ഏറ്റുപറയാൻ സൗകര്യം കൊടുത്തത്.

കുമ്പസാരത്തിന്റെ ജപം ചൊല്ലുമ്പോൾ 'പിതാവേ, അങ്ങയോടും ഞാൻ ഏറ്റപറയുന്നുവെന്നു' പറയുന്നുണ്ടല്ലോ. കുമ്പസാരക്കാരനെയാണ് 'പിതാവേ' എന്നു വിളിക്കുന്നത്. വൈദികനാണ് സഭ

യുടെ പ്രതിനിധി. അപ്പോൾ വൈദികനോട് ഏറ്റുപറയുന്നത് സഭയോട് ഏറ്റുപറയുന്നതിന് തുല്യമാണ്. പാപം സഭയെയും സഹോദരങ്ങളേയും ദ്രോഹിക്കുന്നതുകൊണ്ട് അവരോടു മാപ്പ് ചോദിക്കുക എന്നത് പാപിയുടെ കടമയാണ്. ഈശോ അപ്പസ്തോലന്മാരെ ഏല്പിച്ച ഈ ദൗത്യം വൈദികരിലൂടെ ഇന്ന് നിർവ്വഹിക്കപ്പെടുന്നു. വൈദികർ മെത്രാൻമാരുടെ സഹകാരികളാണ്. മെത്രാന്മാർക്ക് എല്ലായിടത്തുപോയി പാപങ്ങൾ ശ്രവിച്ച് പാപമോചനം കൊടുക്കുക എന്നത് അസാധ്യമാണ്. അതുകൊണ്ട് അവരുടെ സഹകാരികളായ വൈദികരെ ഇക്കാര്യം ഏൽപ്പിച്ചിരിക്കുന്നു.

---

## സത് ചിന്തകൾ

1. ചിന്തിക്കാതെ പ്രവർത്തിച്ചാലും പ്രവർത്തിക്കാതെ ചിന്തിച്ചുമാത്രം ഇരുന്നാലും പ്രശ്നംതന്നെ.
2. നൂറു നല്ല സുഹൃത്തുക്കൾക്ക് പകരം ഒരു നല്ല പുസ്തകം മതി. എന്നാലോ ഒരു നല്ല സുഹൃത്ത് ഒരു ഗ്രന്ഥശാലയ്ക്ക് തുല്യമാണെന്നോർക്കുക.
3. ദേഷ്യം അംഹിസയുടെ ശത്രുവെങ്കിൽ അഹങ്കാരം അതിനെ വിഴുങ്ങുന്ന സത്വവുമാണ്.
4. മുറിയാൻ മടിക്കുന്ന ഇളന്തണ്ടിനെങ്ങനെ പുല്ലാകുഴലാവാനാവും. കൊത്ത് ഏറ്റുവാങ്ങാതെ ശിലക്കെങ്ങനെ ശില്പമാകാനാകും. മരണമില്ലാതെ ഉയിർപ്പുണ്ടോ.
5. ആർക്കും തെറ്റുപറ്റാം എന്നാൽ അത് ഏറ്റുപറഞ്ഞ് തിരുത്തുമ്പോഴാണ് ശരിയിലേക്കുള്ള തിരിച്ചുപോകലാവുക.

**ജിപ്സി റാഫി**, സെന്റ് തോമാസ് യൂണിറ്റ്

**ചായക്കൂട്ട് ചിത്രങ്ങളും, ബൈബിൾ ക്വിസ് ഉത്തരങ്ങളും**
**മരിയനാദം Mail ലേക്കും അയക്കാവുന്നതാണ്**

Email:mariyanadham.info@gmail.com
www.ayyantholechurch.com

# നിയമാവബോധം

## കുടുംബവും കുടുംബകോടതിയും - നിയമം



*(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)*


**അഡ്വ. ജോമോൻ കുന്നത്ത്**
**സെന്റ് സേവിയേഴ്സ് യൂണിറ്റ്**


നമ്മുടെ മക്കളുടെ സന്തോഷകരമായ വിവാഹ ജീവിതം തകർക്കുന്നതിൽ ഒരു വലിയ പങ്കുവഹിക്കുന്ന മറ്റൊരു കാര്യമാണ് അമ്മായിയമ്മ - മരുമകൾ പോര്. പലപ്പോഴും വരന്റെ അമ്മയ്ക്ക്, മകന്റെ ഭാര്യയെ അംഗീകരിക്കുവാൻ സാധിക്കാതെ വരുന്നത് മകന്റെ വിവാഹ ജീവിതത്തിന് വിലങ്ങുതടി ആകാറുണ്ട് ഇന്നത്തെ കാലത്ത്വിദ്യാസമ്പന്നരായ പെൺകുട്ടികൾ അത്തരം മോശമായ പെരുമാറ്റം ഭർത്താവിന്റെ അമ്മയുടെ ഭാഗത്തു നിന്നും ഉണ്ടാകുന്ന അവസരങ്ങളിൽ, വിട്ടുവീഴ്ചയ്ക്ക്തയ്യാറായേക്കണമെന്നില്ല.

ഇപ്പോഴത്തെ പല മാതാപിതാക്കളുടെയും ചിന്ത പോകുന്നത് അവർ നവവധുവായി കയറിവന്ന അവസരത്തിൽ അവരുടെ അമ്മായിയമ്മ അവരോട് പെരുമാറിയ രീതികളിലേക്കാണ്. അത്രത്തോളം ഒന്നും ഇപ്പോഴത്തെ പെൺകുട്ടികൾ സഹിക്കുന്നില്ല എന്ന ന്യായവും അവർ പറയുന്നു. എന്നാൽ പഴയ കാലത്ത് ഉയർന്ന വിദ്യാഭ്യാസമോ ജോലിയോ സ്വന്തമായി വരുമാനമോ ഇല്ലാതെ ഇരുന്ന ഭൂരിഭാഗം സ്ത്രീകളെ പോലെയല്ല

ഇന്നത്തെ കാലത്ത്വിവാഹിതരാകുന്ന പെൺകുട്ടികൾ. അവർക്ക്ജോലിയും സ്വന്തമായി വരുമാനവും നിലപാടുകളും ഉണ്ട് എന്ന് നമ്മൾ പ്രത്യേകം ഓർക്കണം. അമ്മായിയമ്മയിൽ നിന്നും ഉണ്ടാകുന്ന മോശമായ പെരുമാറ്റം പലപ്പോഴും അവർ ഭർത്താവിനോട് പരാതി രൂപത്തിൽ പറയുമ്പോൾ ചില ഭർത്താക്കന്മാർ എങ്കിലും അമ്മയെ ധിക്കരിക്കാൻ വയ്യ എന്ന ഒറ്റ കാരണം കൊണ്ട് ഭാര്യയോട്അത്തരം കാര്യങ്ങൾ സഹിക്കണം എന്ന്അഭിപ്രായപ്പെടാറുണ്ട് ഇത്തരം സന്ദർഭങ്ങളിൽ ഇപ്പോഴത്തെ തലമുറയിലെ പല പെൺകുട്ടികളും അത്തരമൊരു വിട്ടുവിഴ്ചയ്ക്ക് തയ്യാറാകാതെ വീടുവിട്ടിറങ്ങുന്നത് നമ്മൾ പലപ്പോഴും കണ്ടുവരുന്നുണ്ട്

# വിശുദ്ധിയുടെ നിറകുടം

## ഡെയിസി അന്തപ്പൻ, സെന്റ് മേരീസ് യൂണിറ്റ്

യേശുവിന്റെ വളർത്തുപിതാവായ വിശുദ്ധ ഔസേപിതാവ് ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ അനാദി മുതലേ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട വ്യക്തിയാണ്. യേശുവിന്റെ രക്ഷാകരചരിത്രത്തിൽ നിർണായകമായ പങ്ക് വളർത്തുപിതാവായ ഔസേപിതാവിന് ഉണ്ട്. വിശുദ്ധഗ്രന്ഥത്തിൽ ജോസഫിനെക്കുറിച്ച് പറയുന്നത് 'നീതിമാൻ' എന്നാണ്. 'നീതിമാൻ' എന്ന വാക്ക് 'വിശുദ്ധി' എന്ന പുണ്യത്തിൽ ഉൾക്കൊള്ളുന്നതാണ്. വിശുദ്ധ മത്തായിയുടെ സുവിശേഷം 1-ാം അധ്യായം 19-ാം തിരുവചനത്തിൽ പറയുന്നു, അവളുടെ ഭർത്താവായ ജോസഫ് നീതിമാനാകയാലും അവളെ അപമാനിതയാക്കാൻ ഇഷ്ടപ്പെടായ്കയാലും അവളെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചു. നീതിമാൻ ആകയാൽ അവളെ അപമാനത്തിന് വിട്ടുകൊടുക്കുവാൻ തയ്യാറാകുന്നില്ല. ഇവിടെ ജോസഫിന്റെ നിഷ്കളങ്കതയും പരിശുദ്ധിയുമാണ് കാണുവാൻ സാധിക്കുന്നത്. മനുഷ്യ രക്ഷാകരചരിത്രത്തിൽ ജോസഫിന്റെ പങ്ക് വളരെ വലുതും ചരിത്ര സ്വാധീനവുമാണ്. മേരിയുമായുള്ള വിവാഹനിശ്ചയം മുതൽ അവസാനം മരണ നിദ്ര പ്രാപിക്കുന്ന കാലഘട്ടംവരെ അദ്ദേഹം ഒരു വിശുദ്ധനായിട്ടാണ് ജീവിച്ചത്.

1871 ൽ ഫ്രഞ്ചുകാരും പ്രർഷ്യക്കാരും തമ്മിൽ ഒരു യുദ്ധമുണ്ടായി. ഫ്രഞ്ചുകാരുടെ ഒരു പട്ടണം പ്രഷ്യാക്കാർ കീഴടക്കി. പട്ടണത്തിൽ കൊള്ളയും കൊള്ളിവയ്പും നടത്തി. മാർ യൗസേപ്പുപിതാവിന്റെ ഭക്തയായ ഒരു സ്ത്രീ പ്രസ്തുത പട്ടണത്തിൽ ജീവിച്ചിരുന്നു. അവർ വി. യൗസേപ്പിന്റെ മാദ്ധ്യസ്ഥം അപേക്ഷിച്ചു. പടയാളികൾ തന്റെ ഭവനവും കയ്യേറുമെന്നും തനിക്കു ജീവാപായം വരുത്തുമെന്നും തീർച്ചയാക്കി. ഭയത്തോടെ ആ സ്ത്രീ വിലപിടിച്ച സാധനങ്ങളുമായി ഒരു രഹസ്യസങ്കേതത്തിൽ പ്രവേശിച്ചു. യൗസേപ്പുപിതാവിന്റെ മാദ്ധ്യസ്ഥമല്ലാതെ മറ്റൊരു ശരണവും അവൾക്കില്ലായിരുന്നു. എന്നാൽ ഒരു പടയാളി ആ രഹസ്യസങ്കേതം കണ്ടുപിടിച്ചു അവളോട് പുറത്തുവരുവാൻ ആവശ്യപ്പെട്ടു. ഭയചകിതയായി മരണം മുന്നിൽക്കണ്ടു പുറത്തുവന്ന സ്ത്രീയോടു ആ പടയാളി പറഞ്ഞു - നിങ്ങളെ ഉപദ്രവിക്കാനല്ല ഞാൻ വന്നിട്ടുള്ളത് പ്രത്യുത നിങ്ങളുടെ ഭവനത്തെ സംരക്ഷിക്കുവാനാണ്. മാർ യൗസേപ്പിനെ വിളിച്ചപേക്ഷിക്കുന്ന ഏതൊരാൾക്കും അവിടുന്ന് പരിപാലകനായിരിക്കും.

തിരുസഭയുടെ പാലകനേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.
കുടുംബങ്ങളുടെ സംരക്ഷകനേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ
കന്യാവ്രതക്കാരുടെ കാവൽക്കാരാ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ
തൊഴിലാളികളുടെ മദ്ധ്യസ്ഥനെ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ
നൽമരണത്തിന്റെ മദ്ധ്യസ്ഥനേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

**മാർച്ച് 19 ന് വി. യൗസേപ്പിതാവിന്റെ മരണത്തിരുന്നാൾ ആശംസകൾ**

**തൃശ്ശൂർ അതിരൂപതയുടെ സ്ഥാപനമായ ജൂബിലി മിഷ്യൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന**

# സൗജന്യ മെഡിക്കൽ ക്യാമ്പ്

**2023 ഏപ്രിൽ 23 ഞായർ രാവിലെ 8 മുതൽ 12.30 വരെ**
**സെന്റ്ജോസഫ് പാരീഷ് ഹാൾ, അയ്യന്തോൾ**

പ്രിയ സുഹൃത്തുക്കളെ,

**സെന്റ് മേരീസ് അസംപ്ഷൻ ചർച്ച് കേന്ദ്ര കുടുംബകൂട്ടായ്മ കമ്മിറ്റിയുടെയും, സി.എൽ.സി., കെ.സി.വൈ.എം., യുവജന കൂട്ടായ്മയുടെ** സഹകരണത്തോടെ **2023 ഏപ്രിൽ 23 ഞായറാഴ്ച രാവിലെ 9 മണി മുതൽ 12.30 വരെ സെന്റ് ജോസഫ് പാരീഷ് ഹാളിൽ സൗജന്യ മെഡിക്കൽ ക്യാമ്പ്** സംഘടിപ്പിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. നമ്മുടെ വികാരി **ഫാ. ജെയ്സൺ പുന്നശ്ശേരി** ക്യാമ്പിന്റെ ഉദ്ഘാടനം നിർവ്വഹിക്കുന്നതാണ്. താങ്കളുടെ സാന്നിദ്ധ്യവും എല്ലാവിധ സഹായ സഹകരണങ്ങളും പ്രതീക്ഷിച്ചു കൊള്ളുന്നു.

സ്നേഹപൂർവ്വം,

**റവ. ഫാ. ജെയ്സൺ പുന്നശ്ശേരി**
വികാരി

**അഗസ്റ്റിൻ തരകൻ**
ട്രസ്റ്റി

**ബ്ര. മേജോ കെ.ജെ.**
കൺവീനർ, കേന്ദ്ര
കുടുംബകൂട്ടായ്മ കേന്ദ്രസമിതി

**ബ്ര. പ്രിൻസ്**
യൂത്ത് വിംഗ്, കേന്ദ്ര
കുടുംബകൂട്ടായ്മ കേന്ദ്രസമിതി

**ബ്ര. സാൻജോ**
സി.എൽ.സി. പ്രസിഡന്റ്

**ശ്രീമതി ആൻമേരി**
കെ.സി.വൈ.എം. പ്രസിഡന്റ്

**/ കമ്മ്യൂണിറ്റി മെഡിസിൻ / കുട്ടികളുടെ വിഭാഗം /**
**/ നേത്രവിഭാഗം / ജനറൽ മെഡിസിൻ /**

***ക്യാമ്പിന്റെ സുഗമമായ നടത്തിപ്പിനും സൗകര്യങ്ങൾ ഒരുക്കുന്നതിനും ക്യാമ്പിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി പേരുകൾ പള്ളി ഓഫീസിൽ രജിസ്റ്റർ ചെയ്യുവാൻ അഭ്യർത്ഥിക്കുന്നു.***

# ഒരു വൈദികൻ ഫ്രഞ്ചു ചിന്തകൻ ലക്കോർ ഡയറിന്റെ വാക്കുകളിൽ

1. ലോകസുഖങ്ങൾ ആഗ്രഹിക്കാതെ ലോകത്തിൽ ജീവിക്കുന്നവൻ.
2. ഒരു കുടുംബത്തിന്റേയും സ്വന്തമാകാതെ ഓരോ കുടുംബത്തിലും അംഗമാകുന്നവൻ
3. എല്ലാ ഹൃദയരഹസ്യങ്ങളിലും കടന്നു ചെല്ലുന്നവൻ.
4. എല്ലാ ദുഃഖങ്ങളിലും പങ്കുചേരുന്നവൻ.
5. എല്ലാ വ്രണങ്ങളും സുഖപ്പെടുത്തുന്നവൻ.
6. മനുഷ്യനിൽനിന്നുപുറപ്പെട്ട് അവരുടെ പ്രാർത്ഥനകൾ ദൈവസന്നിധിയിൽ എത്തിക്കുന്നവൻ.
7. ദൈവത്തിൽ നിന്നും മടങ്ങി മനുഷ്യർക്ക് പാപമോചനവും സമാധാനവും, പ്രത്യാശയും കൊണ്ടുവരുന്നവൻ.
8. പരസ്നേഹത്താൽ ജ്വലിക്കുകയും ബ്രഹ്മചര്യത്തിൽ സുദൃഢവുമായ ഹൃദയമുള്ളവൻ.
9. എല്ലായ്പോഴും ക്ഷമിക്കുകയും പഠിപ്പിക്കുകയും ആശ്വസിപ്പിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുന്നവൻ.
10. ഓ ദൈവമേ, എത്ര ഉൽകൃഷ്ടമായ ജീവിതം യേശുക്രിസ്തുവിന്റെ പുരോഹിതാ - ഈ ജീവിതം നിന്റേതാണ് നിന്റേതുമാത്രം.

**സമ്പാ: ജേക്കബ് തോലത്ത്**

**സിസ്റ്റർ**
**സഞ്ജന ജോയ് SJC ക്ക്**
**ഇടവകാംഗങ്ങളുടെ**
**അനുമോദനങ്ങളും**
**പ്രാർത്ഥനകളും**
**നേരുന്നു**



**JORLINE JOSHY**
*Proprietor*

9544962005
Ph: 9446464279

നിങ്ങൾക്കിഷ്ടപ്പെട്ട

തുണിത്തരങ്ങൾ

മിതമായ വിലയ്ക്ക്

നേടാൻ സമീപിക്കൂ...

*fortune fashion*

FOR MEN, WOMEN & KIDS

*Gents*

*Ladies*

*&*

*Kids*

**I. K. ARCADE, AYYANTHOLE GROUND, THRISSUR**

# Sangeerthanam Tower

## Events Hall






PEARL, GROUND FLOOR NON A/C HALL



RUBY, 1st FLOOR A/C HALL



COREL, 2nd FLOOR NON A/C HALL

വിവാഹം, വിവാഹ നിശ്ചയം, വാർഷികം, ജന്മദിനം
മാമ്മോദീസ, സെമിനാറുകൾ, കമ്പനി മീറ്റിങ്ങുകൾ എന്നീ
പരിപാടികൾക്ക് ഹാൾ വാടകക്ക് നൽകുന്നു.

## Sangeerthanam Tower

Near St. Mary's Assumption Church
Ayyanthole, Thrissur - 680 003
Tel : 9447002763, 9847441111

***04 – 12 – 2022 ന് ഇടവകതലത്തിൽ പാരീഷ് ബുറ്റിന്റെയും കേന്ദ്ര കുടുംബകൂട്ടായ്മ സമിതിയുടെയും ആഭിമുഖ്യത്തിൽ നടത്തിയ സാഹിത്യ മത്സരങ്ങളിൽ 30 മുതൽ 50 വയസ്സു വരെയുള്ള വിഭാഗത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ചെറുകഥ***

വിഷയം: **ലഹരി**

# മുന്നോട്ട്

**ഫ്രിജി മേജോ,**
ക്രിസ്തുരാജാ യൂണിറ്റ്

വാഹനത്തിന്റെ ഇരമ്പൽ ഇന്ന് ഒരു നടുക്കമാണ് സമ്മാനിക്കുന്നത്. വേഗതഹരമായിരുന്ന ഭൂതകാലത്തിന്റെ പ്രഹരം. രേഷ്മ തന്റെ ഭൂതകാലത്തിൽ കുടുങ്ങിക്കിടക്കുകയാണ്. തന്റെ അരയ്ക്കുതാഴെ എന്താണ് സംഭവിച്ചതെന്ന് ആദ്യമാദ്യം മനസ്സിലായില്ല. എന്നാൽ ഇന്ന് എല്ലാം അറിയാം. നടക്കുക എന്നത് ഇനി സ്വപ്നം പോലുമല്ല. അടഞ്ഞവാതിൽ മാത്രം. സ്ത്രീസമത്വം ആപ്തവാക്യമായി പാറിപ്പറന്നു നടന്ന കോളേജ്ദിനങ്ങൾ രേഷ്മയുടെ ഓർമ്മയിൽ ഇന്ന് നൊമ്പരമായി അവശേഷിക്കുന്നു. കൂട്ടുകാരോടൊത്ത് ആദ്യം പഠിത്തവും ആഘോഷങ്ങളും മാത്രമായിരുന്നു. യുവതികളെ, പെൺകുട്ടികളെ ഒന്നിൽനിന്നും മാറ്റി നിർത്തപ്പെടരുത് എന്ന ആഗ്രഹം സ്വാഭാവികമായും അവളിൽ കടന്നുവന്നതാണ്. അത് തീർത്തും ശരിയുമായിരുന്നു. അവൾ അതിനുവേണ്ടിയാണ് പരിശ്രമിച്ചതും. പക്ഷേ തന്റെ കൂട്ടുകെട്ടുകൾ മാറിമറഞ്ഞത് അവൾ അറിഞ്ഞപ്പോഴേക്കും വളരെ വൈകിയിരുന്നു.

മൂന്നു മാസങ്ങൾക്കുമുമ്പുള്ള മഞ്ഞുമൂടിയ ഡിസംബർ ഇന്ന് അവൾക്ക് വേദനിക്കുന്ന ഓർമ്മയാണ്. അന്ന് ഡിസംബർ 31. യുവജനങ്ങളുടെ ഹരമായ ന്യൂ ഇയർ രാത്രി. ' വൈ ഷുഡ് ബോയ്സ് ഹേവ് ഓൾ ഫൺ' എന്ന പരസ്യവാക്യവുമായി രേഷ്മ കൂട്ടുകാർക്കിടയിൽ പറന്നുനടന്നു. വേഗത്തിൽ ബുള്ളറ്റോടിക്കുന്ന ചുരുക്കം ചില പെൺകുട്ടികളിൽ ഒരുവളായിരുന്നു എന്നത് അവൾക്ക് വളരെ അഭിമാനമായിരുന്നു. ന്യൂ ഇയർ പാർട്ടിയിൽ കൂട്ടുകാർ തനിക്കുതന്ന പാനീയത്തിൽ ലഹരി നുരഞ്ഞത് അവൾ അറിഞ്ഞില്ല. ജ്യൂസ് കുടിക്കുന്ന ബോധ്യത്തിലാണ് അവൾ അത് കഴിച്ചത്. പിന്നെ പതുക്കെപ്പതുക്കെ അവളുടെ കാഴ്ച മങ്ങാൻതുടങ്ങി. തനിക്ക് എന്താണ് സംഭവിക്കുന്നതെന്ന് അവൾ മനസ്സിലായില്ല. വേഗം വീട്ടിലേക്ക് മടങ്ങാം എന്ന് കരുതി അവൾ ബുള്ളറ്റ് സ്റ്റാർട്ട് ചെയ്ത് വീടിനെ ലക്ഷ്യമാക്കി പോയി. പിന്നീട് ഓർമവന്നപ്പോൾ ആശുപത്രിയിലാണ് താനെന്ന് അവൾ തിരിച്ചറിഞ്ഞു. ഇനിയൊരിക്കലും തന്റെ പഴയ ജീവിതം തിരിച്ചുപിടിക്കാനാവില്ലെന്ന സത്യവും അവൾ തിരിച്ചറിഞ്ഞു.

അവൾ തന്റെ അടുത്ത് ദുഃഖം കടിച്ചമർത്തി നിൽക്കുന്ന പപ്പയേയും മമ്മ യേയും കണ്ടു. അവർ പരസ്പരം ഒന്നും മിണ്ടുന്നില്ല. ഒറ്റമകളെ നിയന്ത്രിച്ചു വളർത്താത്തതിന്റെ കുറ്റപ്പെടുത്തലുകൾ ബന്ധുമിത്രാദികൾ സമ്മാനിക്കു ന്നുണ്ട്. എല്ലാ വേദനയും ഉള്ളിലൊതുക്കി നിൽക്കുന്ന അവരുടെ മുഖം അവളെ വളരെയധികം വേദനിപ്പിച്ചു. അവൾക്ക് അവരെ നല്ലപോലെ അറിയാ മായിരുന്നു. അവളെ അവർ വളർത്തിയത് നിയന്ത്രണത്തിലും അതോടൊപ്പം സ്വാതന്ത്ര്യത്തിലും തന്നെയായിരുന്നു. തനിക്ക് അവരെ കുറ്റപ്പെടുത്താനാവില്ല. എല്ലാം ദൈവത്തിന്റെ പദ്ധതി എന്ന് ചിന്തിക്കാനേ ഇനി തനിക്കാവുകയുള്ളൂ. ബാക്കി ജീവിതം ചുറ്റുപാടുള്ളവർക്ക് താൻ ഒരു തെറ്റുകാരിയല്ല, തന്റെ മാതാ പിതാക്കൾ തെറ്റുകാരല്ല എന്ന് തെളിയിക്കുന്നതിനുള്ള ദൈവം തന്ന അവസര മായി പ്രയോജനപ്പെടുത്തണം എന്ന ഉറച്ച ഒരു തീരുമാനം അവളുടെ മനസ്സിൽ തെളിഞ്ഞുവന്നു. അത് അവൾക്ക് പുതിയ ഒരു ഉന്മേഷം പകർന്നു. ജീവിതം തന്നെ ഒരു ലഹരിയായി ജീവിക്കാൻ അവൾ പ്രതിജ്ഞയെടുത്തു.

---

***04 – 12 – 2022 ന് ഇടവകതലത്തിൽ പാരീഷ് ബുറ്ററിന്റെയും കേന്ദ്ര കുടുംബകൂട്ടായ്മ സമിതിയുടെയും ആഭിമുഖ്യത്തിൽ നടത്തിയ സാഹിത്യ മത്സരങ്ങളിൽ 30 മുതൽ 50 വയസ്സു വരെയുള്ള വിഭാഗത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കവിത***

# വിശുദ്ധി

**നീതു റാഫേൽ,**
സെന്റ് ജോസഫ് യൂണിറ്റ്

ഇരുട്ടിൻ കമ്പളപ്പുതപ്പുമാറ്റി
അർക്കരശ്മികളെത്തി നോക്കുംനേരം
പള്ളിയങ്കണത്തിൽ നിന്നുതിർക്കും
പൊൻമണി നാദത്തിൻ അലയൊലികൾ
അമ്മതൻകൈയും ജപമണിമാലകളും
ഇടചേർത്തെൻ ഹൃദയസ്പന്ദനമായ്
ദേവാ.. നിൻ തിരുമുറ്റത്തെത്തുവാൻ
തുടിക്കുമെൻ മനോജ്ഞമാം ബാല്യം.
ഹാ! എത്ര സുന്ദരം! ഓർക്കുന്നു ഞാനാ-
വിശുദ്ധിതൻ പൊൻപ്രഭയിൽ ജ്വലിച്ചകാലം.
ഇന്നു കാലാന്തരചക്രവാള തീരത്തു-
നിൽക്കുമീ ഉൽപതിഷ്ണുവാം പതികൻ ഞാൻ.
കലുഷിതമാം ജീവിതസായാഹ്നവേളയിലും
പാഥേയമാകണം എൻ ബാല്യവിശുദ്ധി നീയെന്നും.

***04 – 12 – 2022 ന് ഇടവകതലത്തിൽ പാരീഷ് ബുറ്റിന്റെയും കേന്ദ്ര കുടുംബ കൂട്ടായ്മ സമിതിയുടെയും ആഭിമുഖ്യത്തിൽ നടത്തിയ സാഹിത്യ മത്സരങ്ങളിൽ 30 മുതൽ 50 വയസ്സു വരെയുള്ള വിഭാഗത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ചെറുകഥഉപന്യാസം***

# നാടുവിടുന്ന യുവതലമുറ

**ഫ്രിജി മേജോ**, ക്രിസ്തുരാജാ യൂണിറ്റ്

ഇന്ന് വളരെ പ്രാധാന്യത്തോടെ ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ് നാടുവിടുന്ന യുവതലമുറ. പഠനത്തിന്റെ പേരിൽ, ജോലിസാധ്യതകളുടെ പേരിൽ, പണസമ്പാദനത്തിനുവേണ്ടി എന്നിങ്ങനെ കാരണങ്ങൾ പലതാണ്. കാരണം എന്തായാലും ഫലം ഒന്നുതന്നെ. യുവജനങ്ങൾ കേരളം വിടുന്നു, മാത്രമല്ല ഇന്ത്യതന്നെ വിടുന്നു.

നമ്മുടെ സംസ്കാരത്തിന്റെ പതനമാണോ അതോ പാശ്ചാത്യസംസ്കാരത്തിന്റെ ആകർഷകത്വമാണോ യുവജനതയെ അങ്ങോട്ടാകർഷിക്കുന്നത്? സ്വാതന്ത്ര്യം കാംക്ഷിക്കുന്ന യുവതലമുറയ്ക്ക് സ്വാതന്ത്ര്യം തന്നെയായിരിക്കാം മുഖ്യവിഷയം. നാടിന്റേതായ കെട്ടുപാടുകൾ ഇന്നത്തെ യുവതലമുറ ആഗ്രഹിക്കുന്നില്ല. 'പാരതന്ത്ര്യം മാനികൾക്ക് മൃതിയേക്കാൾ ഭയാനകം' എന്ന കവിയുടെ ചിന്ത ഇന്ന് വളരെ പ്രസക്തമാണ്. എങ്ങും എവിടേയും സ്വാതന്ത്ര്യത്തിനുള്ള മുറവിളിയാണ്. അത് വ്യക്തിസ്വാതന്ത്ര്യമാകാം, സാമ്പത്തിക സ്വാതന്ത്ര്യമാകാം, ചിന്താസ്വാതന്ത്ര്യമാകാം. ഇതിൽ സാമ്പത്തിക സ്വാതന്ത്ര്യം ഈ വിഷയത്തോട് വളരെ ചേർന്നുനിൽക്കുന്നു.

ഇന്റർനെറ്റിന്റെ വ്യാപനവും ഒരു പരിധിവരെ ഇതിനു കാരണമായി. വിദേശത്തു പോയവർ അവിടത്തെ കാഴ്ചകൾ പകർത്തി ചാനലുകൾ കൊഴുപ്പിക്കുമ്പോൾ നമ്മുടെ നാട്ടിൽ കിട്ടാത്ത എന്തോ സൗഭാഗ്യങ്ങൾ അവർ അനുഭവിക്കുന്നതായി കാഴ്ചക്കാർക്ക് അനുഭവപ്പെടുന്നു. യുവജനങ്ങൾ വേഗം ഇതിൽ ആകർഷിതരാകും. പിന്നെ ലക്ഷ്യം വിദേശം തന്നെ. ഇതിൽ രസകരമായ ഒരു വസ്തുത പലരും പറയുന്നതാണ് 'കേരളത്തിലെപോലെ നല്ല കാലാവസ്ഥയുള്ള സ്ഥലത്താണ് ഞങ്ങൾ. അതുകൊണ്ട് പ്രശ്നമില്ല' എന്ന്. ഇത്ര നല്ല കാലാവസ്ഥയുള്ള കേരളത്തെ എന്തിനാണ് അവർ ഉപേക്ഷിച്ചുപോയതെന്ന് ചിന്തിച്ചിട്ടുണ്ട്.

എന്തുതന്നെയായാലും ഈ നില തുടർന്നുപോയാൽ വൃദ്ധരുടെ നാടാവും കേരളം. ഉയർന്നുപൊങ്ങുന്ന മണിമാളികകൾ അടഞ്ഞിരിക്കും. അത് ശ്മശാനത്തെ ഓർമിപ്പിക്കും.

# അശ്രദ്ധമാറ്റിയ സ്വർണ്ണപേന

ഒരു ചെറിയ സംഭവകഥയിങ്ങനെയാണ്. ഇന്ത്യ പത്മഭൂഷനും, ഭാരത രത്നവും നൽകി ആദരിച്ച വ്യക്തിയാണ് ജെ.ആർ.ഡി. ടാറ്റാ. ഫ്രഞ്ചുകാരി സുസാൻ ആയിരുന്നു അമ്മ. ജനിച്ചതും, പഠിച്ചതും ഫ്രാൻസിലാണ്. 20 വയസ്സായപ്പോൾ ആർമിയിൽ സേവനമനുഷ്ഠിച്ചു. അമ്മ മരിച്ചപ്പോൾ പിതാവ് മകനെ ഇന്ത്യയിലേക്കു കൊണ്ടുവന്നു. ഇന്ത്യൻ പൗരത്വം രത്തൻ സ്വീകരിച്ചു. പിന്നീട് പല കമ്പനികളുടെയും സ്ഥാപകനായി. ലീജിയൻ ഓഫ് ഓണർ എന്ന ഫ്രഞ്ചു ബഹുമതിക്കും അർഹനായി.

പിന്നീടാണ് കഥയുടെ തുടക്കം. അദ്ദേഹത്തിന് അടുത്ത ഒരു സുഹൃത്തുണ്ടായിരുന്നു. ആ സുഹൃത്തിന്റെ പ്രത്യേകതയിതാണ്. പോനകൾ നഷ്ടപ്പെട്ടാൽ അതിനെക്കുറിച്ച് വ്യസനിക്കാതിരിക്കാൻ വിലകുറഞ്ഞവ മാത്രമേ വാങ്ങൂ അയാൾ. പക്ഷേ തുടരെ പേനകൾ നഷ്ടപ്പെടാനിടയായപ്പോൾ വലിയ ആശങ്കയായി. അപ്പോൾ പ്രയത്നശാലിയും ആഴയമേറിയ അനുഭവസമ്പത്തിനുടമയുമായ ജെ.ആർ.ഡി. അയാൾക്ക് ഒരു പ്രതിവിധി നിർദ്ദേശിച്ചു കൊടുത്തു. വില പിടിപ്പുള്ള ഒരു പേന വാങ്ങി ഉയോഗിക്കുക. സുഹൃത്തിന് ഭയമായി തനിക്ക് വലിയ നഷ്ടം ഉണ്ടാകുമോ! എന്നിരുന്നാലും 22 കാരറ്റിന്റെ ഒരു സ്വർണ്ണപേന അയാൾ വാങ്ങാൻ തീരുമാനിച്ചു. ടാറ്റാ ആറുമാസങ്ങൾ പിന്നിട്ടപ്പോൾ സുഹൃത്തിനോട്, ഇപ്പോൾ എങ്ങിനെ, പേന നഷ്ടപ്പെടുന്നുണ്ടോ എന്നു ആരാഞ്ഞു. പുഞ്ചിരിയോടെ സുഹൃത്ത് പറഞ്ഞു. എനിക്കിപ്പോൾ പേന നഷ്ടപ്പെടുന്നില്ല. ഇത്ര വേഗം തന്റെ അശ്രദ്ധയുടെ കുറവ് പരിഹരിക്കപ്പെട്ടതിൽ അയാൾക്ക് തന്നെ അത്ഭുതം തോന്നി. ടാറ്റാ പറഞ്ഞുകൊടുത്തു; സുഹൃത്തേ അശ്രദ്ധയല്ലായിരുന്നു നിന്റെ പ്രശ്നം, പേനയുടെ മൂല്യം കണക്കാക്കിയതായിരുന്നു നിന്റെ പ്രശ്നം. പേന സ്വർണ്ണത്തിന്റേതായപ്പോൾ അതിന്റെ വില വർദ്ധിച്ചു; നിന്റെ അശ്രദ്ധയും അവസാനിച്ചു. മൂല്യാധിഷ്ഠിതമാണ് നമ്മുടെ ജീവിതമെങ്കിൽ എല്ലാ കാര്യത്തിലും നാം ശ്രദ്ധാലുക്കളായിരിക്കും.

ദൈവത്തോടായാലും കുടുംബബന്ധങ്ങളിലായാലും അർഹിക്കുന്ന വില നാം നിശ്ചയിക്കണം. ദുഃഖദുരിതമനുഭവിക്കുന്നവനോട് സഹാനുഭൂതിയും നാം ചെയ്യുന്ന ജോലിയിൽ വിശ്വസ്തതയും ഇപ്രകാരംതന്നെ പ്രാധാന്യമർഹിക്കുന്നു, മൂല്യാധിഷ്ഠിതമാണ് നമ്മുടെ ചുവടുകൾ എങ്കിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളിലൊന്നും നാം അശ്രദ്ധരാവില്ല.

# ബൈബിൾ ക്വിസ് 2023 മാർച്ച്

**പാഠ്യഭാഗം – പ്രഭാ 27:33**

1. പുത്രനെ അടിച്ചുവളർത്തുന്ന പിതാവിനെ പുത്രൻ വളർന്ന് കഴിയുമ്പോൾ എന്താണ് ചെയ്യുക?
2. മകനെ ശിക്ഷണത്തിൽ വളർത്തുന്നവന് അവൻമൂലം .......... ഉണ്ടാകും.
3. ആവശ്യം വന്നാൽ മാത്രം സംസാരിക്കാൻ അവകാശമുള്ള വ്യക്തി ആരാണ്?
4. ഇടിക്കുമുമ്പേ മിന്നൽ കാണുന്നതുപോലെ വിനയശീലന്റെ മുമ്പിൽ എന്താണ് പരക്കുന്നത്?
5. ധനത്തിനൊത്ത് എന്താണ് വർദ്ധിക്കുന്നത്?
6. എന്തിന്റെയാണ് നുകം ഇരുമ്പും ചങ്ങല പിച്ചളയും ആയിട്ടുള്ളത്?
7. മൂഢനു ആരെപോലെയാണ് മാറ്റം സംഭവിക്കുന്നത്?
8. താൻ ചെയ്ത തിന്മ ആരുടെ മേലാണ് പതിക്കുന്നത്?
9. ഹൃദയാനന്ദം ഒരുവന്റെ ജീവനും സന്തോഷം അവന്റെ ........ ആണ്?
10. അനുസരിക്കുന്നില്ലെങ്കിൽ ആരുടെ ചങ്ങലകളുടെ ഭാരമാണ് കൂട്ടേണ്ടത്?

**ബൈബിൾ ക്വിസ് 2023 ഫെബ്രുവരി**

**ശരിയുത്തരങ്ങൾ**

1. കാനാന്യർ
2. കിരിയാത്ത് സേഫർ
3. കാലെബിന്റെ സഹോദരൻ കെനസിന്റെ മകനായ ഒത്നിയേൽ
4. ജോർദ്ദാനിൽ
5. പുരോഹിതൻ
6. ജബൂസ്
7. ആഷേർ മുതൽ ഷെക്കെമിന് കിഴക്ക് മിക്ക്മെഥാത്ത് വരെ
8. എഫ്രാത്തിൽ
9. അക്സ
10. കർത്താവിന്റെ പൗരോഹിത്യം

## ശരിയുത്തരം അയച്ചവർ

മേരി രാജു, സെ. സേവ്യർ
സിസിലി അബ്രാഹം, സെ. ജോസഫ്
മേരി വിൽസൺ, ഹോളി ഫാമിലി
റോസി ജോസ്, സെ. സേവ്യർ
റോസി ജോർജ്ജ്, സെ. ജോൺസ്
ആർദ്ര ജോൺ, സെ. പീറ്റർ
സിറിൾ ജോമോൻ, സെ. പീറ്റർ
ലൂസി ജോയ്, സെ. സേവ്യർ
ഷാലി ബാബു, സെ. ജോൺസ്
ജോസഫീന ജോയ്, സെ. മേരീസ്
ഡെയ്സി അന്തപ്പൻ, സെ. മേരീസ്
അപർണ ജോസ്, ലിറ്റിൽ ഫ്ളവർ
ബബിത ജോഷി, ലിറ്റിൽ ഫ്ളവർ
മേഴ്സി ജസിന്റോ, സെ, തോമസ്
മേരിക്കുട്ടി ജോൺ, ഹോളി ഫാമിലി

---

**നറുക്കെടുപ്പിലൂടെ വിജയിയായത്**

**മേരിക്കുട്ടി ജോൺ, ഹോളി ഫാമിലി**

---



ഫെബ്രുവരി മാസം
ചായമിടൽ മത്സരത്തിൽ
വിജയിയായത്

**ജോൺസ് സി. ജെയ്സൺ**
ക്രിസ്തുരാജ യൂണിറ്റ്

# ഞങ്ങൾ വരവായി

| റജി. നമ്പർ / ജനന തീയ്യതി | മാമ്മോദീസ തീയ്യതി | പേര്, വിലാസം |
|---|---|---|
| **05/2023** | | |
| 17.11.2022 | 12.02.2023 | പേരാമംഗലം മിലൻ & ജോസ്ന ജോൺസൺ മകൾ അന്ന (ജാസ്‌ലിൻ മിലൻ) |
| **06/2023** | | |
| 17.10.2022 | 19.02.2023 | ആലപ്പാട്ട് മഠത്തുംപടി ജോബി ജോൺ & സിൻസി ഫ്രാൻസിസ് മകൾ റോസ (ജെസ്സ മേരി ജോബി) |

# ഞങ്ങൾ യാത്രയായി

| റജി. നമ്പർ / മരണ തീയ്യതി | പേര്, വിലാസം |
|---|---|
| **03/2023** | |
| 01.02.2023 | മരോട്ടിക്കൽ രാജൻ ഭാര്യ ലിജി (40) സെ. സെബാസ്റ്റ്യൻ യൂണിറ്റ് |

# ഇടവകയിലേക്ക് വന്നവർ

| | |
|---|---|
| **08/02/2023** | ചെറുവത്തൂർ വർഗ്ഗീസ് ബെന്നി & ഫാമിലി, സെ. പോൾസ് യൂണിറ്റ് |
| **08/02.2023** | തോട്ടത്തിൽ മഴുവഞ്ചേരി അഗസ്റ്റിൻ ജോയ് & ഫാമിലി, ക്രിസ്തുരാജ യൂണിറ്റ് |

## തിരുത്ത്

കഴിഞ്ഞ ഫെബ്രുവരി ലക്കത്തിൽ **ഞങ്ങൾ ഒന്നായി** എന്ന തലക്കെട്ടിൽ വന്ന

21/01/2021 അയ്യന്തോൾ ഇടവക എടക്കളത്തൂർ ഡയസ് & വിജി മകൻ ബാജിയോ

ചങ്ങനാശ്ശേരി ഇടവക കുളപ്പുറത്ത് റ്റോമി & കൊച്ചുറാണി മകൾ സാറ ഡൊമിനിക്

എന്നതിൽ 21-01-2021 എന്നതിനു പകരം 21-01-2023 എന്ന് തിരുത്തി വായിക്കേണ്ടതാണ്.

# ചായകൂട്ട് മത്സരം



ഈ ചിത്രത്തിനു അനുയോജ്യമായ ചായമടിച്ച് മാർച്ച് 20-ാം തിയ്യതിക്കു മുൻപ് പാരിഷ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കണം.

**ഏറ്റവും നല്ല ചായമിടലിന് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.**
**(മതബോധന വിദ്യാർത്ഥികൾ പങ്കെടുക്കുക)**




FLAGSHIP STORES: MAIN ROAD, CHAVAKKAD | NEAR VADAKKE STAND, THRISSUR
+91 94478 57788, +91 96453 88881 ttdevassyjewellers.com ttdevassyjewellers





Ocean®
WE GIVE LIFE TO PLASTIC

**OCEAN POLYMER INDUSTRIES PVT. LTD.**
V/35A, Marar Road, Velappaya Medical College P.O, Thrissur-680 596.
Phone: 0487- 2202787 / 88 / 8137009888 / 8137978880
www.theoceangroup.co.in • email: enquiry@theoceangroup.co.in

**FOR TRADE ENQUIRIES CALL: 0487- 2202787**
CUSTOMER CARE : 8137009888

nirmala hiprint Ph : 0487 2387393